മി. സ്പീക്കർ: ഓർഡർ.............ഓർഡർ...........ചോദ്യം നമ്പർ *511.

**ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്**

1(*511) ശ്രീ. എ.കെ. ശശീന്ദ്രൻ:

ശ്രീ. തോമസ് ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിന് വാഗ്ദാനം ചെയ്തിരുന്ന ആൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന് (എയിംസ്) വേണ്ടി എവിടെയാണ് സ്ഥലം കണ്ടെത്തിയതെന്നും എത്ര ഏക്കറാണെന്നും വിശദമാക്കുമോ;

(ബി) എയിംസിന് സ്ഥലം കണ്ടെത്തിയെന്ന റിപ്പോർട്ട് എന്നാണ് കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തതെന്ന് വെളിപ്പെടുത്താമോ;

(സി) എയിംസ് അനുവദിക്കണമെന്ന കേരളത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിൽ നിന്നും എന്തു മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാരിന്റെ മറുപടി അനുകൂലമല്ലെങ്കിൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ,

(എ) ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കേരളത്തിൽ സ്ഥാപിക്കുന്നതിനായി അനുയോജ്യമായ മൂന്നോ നാലോ പ്രദേശങ്ങൾ കണ്ടെത്തി നൽകുവാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ആവശ്യപ്പെടുകയും വിശദമായ വിലയിരുത്തലുകൾക്ക് ശേഷം താഴെപ്പറയുന്ന നാല് പ്രദേശങ്ങൾ എയിംസ് സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുക്കുകയും ഈ വിവരം കേന്ദ്ര ആരോഗ്യ മന്ത്രാലയത്തെ അറിയിക്കുകയും ചെയ്തിരുന്നു.

1) കോഴിക്കോട് ജില്ലയിലെ കിനാലൂർ, കാന്തലാട് വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന ബാധ്യതകൾ ഒന്നും ഇല്ലാത്ത 154.43 ഏക്കർ സ്ഥലം.
2) കോട്ടയം ജില്ലയിലെ ആർപ്പൂക്കര, അതിരമ്പുഴ ബ്ലോക്കുകളിലായി ലഭ്യമായിട്ടുള്ള 194.85 ഏക്കർ സ്ഥലം.
3) തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ കള്ളിക്കാട് വില്ലേജിൽ നെട്ടുകാൽത്തേരി തുറന്ന ജയിലിന് സമീപത്തായി ലഭ്യമായിട്ടുള്ള 263.45 ഏക്കർ സ്ഥലം.
4) എറണാകുളം ജില്ലയിലെ തൃക്കാക്കര നോർത്ത് വില്ലേജിലെ 123.5 ഏക്കർ സ്ഥലം

എന്നിവയാണ് നിലവിൽ എയിംസ് സ്ഥാപിക്കുന്നതിനായി യോജിച്ച പ്രദേശങ്ങളായി കേന്ദ്ര ആരോഗ്യമന്ത്രാലയത്തെ അറിയിച്ചിട്ടുള്ളത്.

ഈ നാല് പ്രദേശങ്ങളെ സംബന്ധിച്ച വിശദമായ വിവരങ്ങൾ ചെക്ക് ലിസ്റ്റായി തയ്യാറാക്കി നൽകുവാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് അതും നൽകിയിട്ടുണ്ട്.

(ബി) 16-7-2014

(സി) കേന്ദ്ര ആരോഗ്യമന്ത്രാലയത്തിലെ വിദഗ്ദ്ധർ അടങ്ങുന്ന സംഘം പ്രസ്തുത പ്രദേശങ്ങൾ സന്ദർശിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണെന്ന് ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ മന്ത്രി, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

(ഡി) ആവശ്യപ്പെടുന്നതാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നൂതന ചികിത്സാ ഗവേഷണ സംവിധാനങ്ങൾ ഉള്ളതും, ഗവേഷണ ബ്ലോക്ക്, റസിഡൻഷ്യൽ കോംപ്ലക്സ് തുടങ്ങി കേരളത്തിന് അഭിമാനകരമായ ഒരു വലിയ സ്ഥാപനമാണ് എയിംസ്. ഏതാണ്ട് 2000 കോടി രൂപയുടെ മുതൽ മുടക്കുള്ള ഒരു സംരംഭം. കേരളത്തിന് എയിംസ് കിട്ടും എന്ന വാർത്ത വലിയ പ്രതീക്ഷകളോടു കൂടിയാണ് കേരളത്തിലെ ജനങ്ങൾ ശ്രവിച്ചത്.

ബഹുമാനപ്പെട്ട മന്ത്രി ഇന്ന് ഇവിടെ മറുപടി നൽകിയപ്പോൾ, കേന്ദ്രസർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചത് 16-7-2014 നാണ്. ഇപ്പോൾ ഒരു കൊല്ലവും ഒരു ആഴ്ചയും കഴിഞ്ഞു, നാളിതുവരെ ഇത് നേടിയെടുക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഗുരുതരമായ അനാസ്ഥയാണ് ഉണ്ടായിട്ടുള്ളത്. ഇതുവരെ തുടർന്ന് ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. അങ്ങനെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചത്; ഈ റിപ്പോർട്ട് സമർപ്പിച്ചതിനുശേഷം ഗവൺമെന്റ് നടത്തിയിട്ടുള്ള ശ്രമങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, എയിംസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നാലു സ്ഥലങ്ങൾ സെലക്ട് ചെയ്ത് അയക്കണമെന്ന് പറഞ്ഞതനുസരിച്ച് 16-7-2014-ൽ ആ സ്ഥലങ്ങൾ സെലക്ട് ചെയ്ത് അയയ്ക്കുകയുണ്ടായി. മന്ത്രിസഭാ യോഗം ചേർന്ന് റവന്യൂ വകുപ്പുമന്ത്രിയെ പ്രത്യേകമായി ചുമതലപ്പെടുത്തി, കളക്ടർമാരുമായി ബന്ധപ്പെട്ട് സ്ഥലങ്ങൾ ഐഡന്റിഫൈ ചെയ്ത്, ആ സ്ഥലങ്ങൾ മന്ത്രിസഭ അംഗീകരിച്ചാണ് കേന്ദ്ര ഗവൺമെന്റിന് അയച്ചത്. അതിനുശേഷം കേന്ദ്ര മന്ത്രിയെ ഡൽഹിയിൽ പോയി നേരിട്ടു കണ്ട് നിവേദനം സമർപ്പിക്കുകയുണ്ടായി.

അതിനുശേഷം ചെക്ക് ലിസ്റ്റ് പ്രകാരം സ്ഥലത്തെ സംബന്ധിച്ച വിശദവിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് അവർ 24-10-14-ന് അയച്ചതിന് 10-12-14-ന് തന്നെ മറുപടി കൊടുത്തു. ഈ പ്രദേശങ്ങളെ സംബന്ധിച്ച് വളരെ വിശദമായ റിപ്പോർട്ട് കൊടുക്കണമെന്നാണ് പറഞ്ഞത്. ഈ നാലു സ്ഥലങ്ങളുടേയും റിപ്പോർട്ട് കൊടുത്തു. അതു കഴിഞ്ഞ് മുഖ്യമന്ത്രിയും ഞാനും നമ്മുടെ പ്രധാനപ്പെട്ട മന്ത്രിമാർ എല്ലാപേരുമായി കേന്ദ്രത്തിൽ പോയി പ്രധാനമന്ത്രിയെക്കണ്ട് പ്രത്യേകം നിവേദനവും കൊടുത്തു. അതിനുശേഷം കേന്ദ്രമന്ത്രിയെ ഞാൻ നേരിട്ട് കണ്ട് നിവേദനം കൊടുത്തു. 2014-15-ൽ ആദ്യം അവതരിപ്പിച്ച കേന്ദ്രബഡ്ജറ്റിൽ ആന്ധ്രാപ്രദേശ്, വെസ്റ്റ് ബംഗാൾ, മഹാരാഷ്ട്രയിലെ വിദർഭ, യു.പി.യിലെ പൂർവാഞ്ചൽ എന്നീ സ്ഥലങ്ങളിലാണ് ആദ്യം എയിംസ് അനുവദിച്ചത്. 2015-ൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ജമ്മുകാശ്മീർ, പഞ്ചാബ്, ഹിമാചൽപ്രദേശ്, ആസ്സാം, തമിഴ്നാട് എന്നീ അഞ്ച് സ്ഥലങ്ങളിൽ അനുവദിച്ചു. ദക്ഷിണേന്ത്യയിൽ ഇപ്പോൾ എയിംസ് അനുവദിക്കാത്ത രണ്ട് സ്റ്റേറ്റുകൾ കർണ്ണാടകയും കേരളവുമാണ്. അത് തികച്ചും പക്ഷപാതപരമാണ് എന്ന് പറഞ്ഞുകൊണ്ട് കേന്ദ്ര മന്ത്രി ശ്രീ. ജയപ്രകാശ്

നഡ്ഡക്ക് വീണ്ടും ഞാൻ നിവേദനം കൊടുത്തു. ആ നിവേദനത്തിന്റെ കോപ്പി എന്റെ കൈയിൽ ഉണ്ട്. ഫെയ്സ്ഡ് മാനറിൽ ആണ് എയിംസ് അനുവദിക്കുന്നതെന്നും അടുത്ത ഘട്ടത്തിൽ തീർച്ചയായും കേരളത്തിന് എയിംസ് അനുവദിക്കാം എന്നുമാണ് അദ്ദേഹം അറിയിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ലെറ്റർ എന്റെ കൈയിൽ ഉണ്ട്. അദ്ദേഹത്തിന് വീണ്ടും കത്ത് അയ്ക്കുന്നതിനായി മുഖ്യമന്ത്രി തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ കേന്ദ്രബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുൻപ് തീർച്ചയായിട്ടും ഇക്കാര്യത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തും. കേരളത്തിന് എയിംസ് നേടിയെടുക്കുന്നതിന് വേണ്ടി ശ്രമങ്ങൾ നടത്തുന്നതാണ്. കഴിഞ്ഞ എം.പി.മാരുടെ കോൺഫറൻസിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു ഐറ്റമായി ഇത് അവതരിപ്പിക്കുകയും, കേരളത്തിലെ എം.പി.മാർ കൂട്ടായി കേരളത്തിന് എയിംസ് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കഴിഞ്ഞ ബഡ്ജറ്റിൽ കേന്ദ്ര സർക്കാർ അഞ്ച് സംസ്ഥാനങ്ങളിൽ എയിംസ് അനുവദിച്ചപ്പോൾ എന്തുകൊണ്ട് കേരളത്തിന് ഇത് അനുവദിച്ചില്ല എന്ന ചോദ്യം വന്നപ്പോൾ ഉചിതമായ സമയത്ത് ആവശ്യമായ

രേഖകൾ സമർപ്പിക്കാത്തതുകൊണ്ടാണ് കേരളത്തിന് അത് നിഷേധിച്ചത് എന്ന് അന്നത്തെ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. അതിനുശേഷവും പതിവിൻപടിയുള്ള എഴുത്തു കുത്തുകൾക്കപ്പുറം ഒരു രാഷ്ട്രീയ സമ്മർദ്ദം ചെലുത്തുന്നതിനുള്ള ഒരു നീക്കവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നുതന്നെയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. ഇത് കേരളത്തിന്റെ പൊതു ആവശ്യം എന്ന നിലയ്ക്ക്, എയിംസ് നേടിയെടുക്കാൻ എന്തു ചെയ്യണം എന്ന് ആലോചിക്കുന്നതിനുവേണ്ടി ഒരു സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടുകയും കേന്ദ്രത്തിലേയ്ക്ക് ഒരു സർവ്വകക്ഷി നിവേദക സംഘത്തിനെ അയച്ച് ഈ കാര്യം നേടിയെടുക്കുന്നതിന് വേണ്ടിയുള്ള ചടുലമായ പ്രവർത്തനങ്ങൾക്ക് ഗവൺമെന്റ് നേതൃത്വം നൽകുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഇതിനുവേണ്ടി ക്യാബിനറ്റ് തന്നെ കാര്യങ്ങൾ ആലോചിച്ച് തീരുമാനമെടുക്കുകയും, മുഖ്യമന്ത്രിയും ഞാനും രണ്ടുമൂന്ന് പ്രാവശ്യം ഡൽഹിയിൽ പോകുകയും ചെയ്തിട്ടുണ്ട്. അതിനെല്ലാം രേഖകൾ ഉണ്ട്. ഇതിനുവേണ്ടി ശക്തമായി സമ്മർദ്ദം ചെലുത്തുകയാണ്. ആൾപാർട്ടി മീറ്റിംഗ് പോലെ നമ്മുടെ എം.പി.മാരുടെ യോഗത്തിലും ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. എല്ലാ

പാർട്ടികളുടേയും എം.പി.മാർ അതിനകത്തുണ്ട്. എം.പി.മാർ പാർലമെന്റ് സമ്മേളനത്തിനു മുൻപായി കേന്ദ്രത്തിൽ കൂടുതൽ പ്രഷർ ചെലുത്തി അടുത്ത ഘട്ടത്തിൽ കേരളത്തിന് അനുവദിപ്പിക്കും എന്ന് പറഞ്ഞിട്ടുണ്ട്. അതു ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. പാർലമെന്റ് സമ്മേളനത്തിനു മുൻപ് മുഖ്യമന്ത്രിയോടൊപ്പം ഡൽഹിയിൽ പോയി എയിംസ് നേടിയെടുക്കുന്നതിനു വേണ്ടിയുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കെ.എസ്.ഐ.ഡി.സി.യുടെ വളരെ വിശാലമായ വ്യവസായ ശാലകൾ, പി.ടി. ഉഷാ സ്കൂൾ, ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങിയവയുമായി ബന്ധപ്പെട്ട വളരെ മനോഹരമായ, വിശാലമായ സ്ഥലമാണ് കിനാലൂരിലെ കാന്തലാട്ട് വില്ലേജ്. ഇത് എയിംസിന് യോജിച്ചതാണെന്ന് കണ്ടെത്തിയതിൽ സന്തോഷമുണ്ട്. പക്ഷെ പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങാതെ ഇതിന്റെ അനന്തര നടപടികൾ വേഗത്തിലാക്കി കാന്തലാട്ട് വില്ലേജിൽതന്നെ ഇത് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, സ്ഥലം തിരഞ്ഞെടുക്കുന്നതിന് കേന്ദ്ര

ഗവൺമെന്റ് ചില കണ്ടീഷൻസ് പറഞ്ഞിട്ടുണ്ട്. ഇതിനാവശ്യമായ സ്ഥലങ്ങൾ സംസ്ഥാന ഗവൺമെന്റ് നൽകിയാൽ, നമ്മൾ കൊടുത്തിട്ടുള്ള ഡീറ്റയിൽസിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ ഒരു സംഘം ഇവിടെ സന്ദർശിച്ച് പരിശോധിച്ചശേഷം അവരാണ് ഇത് തീരുമാനിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് എയർ, റെയിൽ, ഡോർ കണക്റ്റിവിറ്റിയുള്ള സ്ഥലങ്ങൾ സെലക്ട് ചെയ്ത് കൊടുത്തിട്ടുണ്ട്. ചെക്ക് ലിസ്റ്റ് പ്രകാരം അവർ പറഞ്ഞ കാര്യങ്ങളും ചെയ്തിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ട്. സംസ്ഥാനം സന്ദർശിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, ഇതിലേയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങളാണ് മന്ത്രി ഇവിടെ വിശദീകരിച്ചത്. ഇതുവരെ ഒരു അനുകൂലമായ നടപടി കേന്ദ്രത്തിൽ നിന്ന് കിട്ടിയിട്ടില്ല എന്നാണ് പറയുന്നത്. അതിന് തടസ്സമായി അവർ പറയുന്നത് സ്ഥലത്തെ സംബന്ധിച്ചാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്ഥലത്തിന്റെ പേരിലാണ് തടസ്സമെങ്കിൽ കാസർഗോഡും കണ്ണൂരും ഇഷ്ടംപോലെ സ്ഥലമുണ്ട്. അത് കാസർഗോട്ടേക്ക് മാറ്റിക്കൊടുത്താൽ കേന്ദ്രഗവൺമെന്റ്

അംഗീകരിക്കുമെന്നാണ് അനൗദ്യോഗികമായി കിട്ടിയ വിവരം. അത് ശരിയാണോ എന്നു പരിശോധിച്ച് മന്ത്രി നടപടി സ്വീകരിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, അങ്ങനെയല്ല. ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി ശ്രീ. ജയപ്രകാശ് നഡ്ഡ 28-5-2015-ന് എനിക്ക് അയച്ച കത്തിൽ എഴുതിയിട്ടുള്ളത് ഇന്നയിന്ന സ്ഥലങ്ങളിൽ, ഞാൻ നേരത്തേ സൂചിപ്പിച്ച സ്ഥലങ്ങളിൽ, അനുവദിച്ചിട്ടുണ്ടെന്നും ഫെയ്സ്ഡ് മാനറിലാണ് നൽകുന്നതിന് വേണ്ടി തീരുമാനമെടുത്തിട്ടുള്ളതെന്നുമാണ്. The establishment of AIMS in Kerala may be taken up in subsequent phase എന്നു പറഞ്ഞാണ് അദ്ദേഹം മറുപടി നൽകിയിട്ടുള്ളത്. സ്ഥലത്തിന്റെ അപാകതയോ സ്ഥലമില്ലാത്തതുകൊണ്ടോ അല്ല. ക്യാബിനറ്റ് വളരെ വിശദമായി ചർച്ച ചെയ്ത് ഒരു എയിംസ് സ്ഥാപിച്ചാൽ സംസ്ഥാനത്തിന് എത്രത്തോളം പ്രയോജനമുണ്ടാകും എന്നത് കണക്കിലെടുത്താണ് ഈ നാലു സ്ഥലങ്ങൾ സെലക്ട് ചെയ്ത് കൊടുത്തത്. അവർ പരിശോധിക്കാൻ വന്നാൽ മാത്രമേ ആ സ്ഥലങ്ങൾക്ക് അപര്യാപ്തതയുണ്ടോ എന്ന് മനസ്സിലാക്കാൻ

കഴിയുകയുള്ളൂ.

ശ്രീ. പി. തിലോത്തമൻ: സർ, പകർച്ചവ്യാധിയുടെ പിടിയിൽ എന്നും അമരാറുള്ള ആലപ്പുഴ ജില്ലയിൽ, പ്രത്യേകിച്ചും അതിന്റെ വടക്കൻ പ്രദേശങ്ങളിൽ അവയ്ക്ക് ഒരു പരിഹാരമെന്നോണം, ആ സാഹചര്യങ്ങളെക്കുറിച്ച് പഠിക്കാനും പ്രതിരോധ പ്രവർത്തനങ്ങൾ നടത്താനും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസിന്റെ ഒരു യൂണിറ്റ് ദീർഘകാലത്തെ പരിശ്രമത്തിന്റെ ഭാഗമായി ചേർത്തലയ്ക്ക് ലഭിക്കുകയുണ്ടായി. എന്നാൽ അതിന് സ്ഥിരമായ ആസ്ഥാന കേന്ദ്രം ഇല്ലാത്തതുകൊണ്ട്, താൽക്കാലികമായി ചേർത്തല ആശുപത്രിയുടെ ഒരു കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. അത് ഏത് നിമിഷവും നഷ്ടപ്പെടുന്ന ഒരു അവസ്ഥയാണുള്ളത്. പകർച്ചവ്യാധി എപ്പോൾ പൊട്ടിമുളച്ചാലും ആദ്യം പ്രത്യക്ഷപ്പെടുന്ന പ്രദേശമെന്ന നിലയിൽ, അവയ്ക്ക് പ്രതിരോധ പ്രവർത്തനം നടത്താൻ ഒരു വലിയ കരുത്തായി, താങ്ങായി നിലകൊള്ളുന്ന ഈ സ്ഥാപനത്തിന് അവിടെ തുടർച്ചയായി പ്രവർത്തിക്കാൻ ആവശ്യമായ ഒരു കേന്ദ്രം ഉണ്ടാകേണ്ടത് ആവശ്യമാണ്. അതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ് ശിവകുമാർ: സർ, ഇത് എയിംസുമായി ബന്ധപ്പെട്ട ചോദ്യമാണ്. കമ്മ്യൂണിക്കബിൾ ഡിസീസുമായി ബന്ധപ്പെട്ട് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കിയാൽ കേന്ദ്ര ഗവൺമെന്റ് അനുമതി നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. തീർച്ചയായും ഇവിടെ സ്ഥലം ലഭ്യമാകുന്ന സാഹചര്യമുണ്ടെങ്കിൽ അതു പരിശോധിക്കാം.

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരള ഗവൺമെന്റ് എയിംസിനുവേണ്ടി നാല് സ്ഥലങ്ങൾ നിർദ്ദേശിച്ചതായി അങ്ങ് പറഞ്ഞു. അതിന്റെ നോംസ് എന്താണ്; ഏത് വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് ഈ നാല് സ്ഥലങ്ങൾ സജസ്റ്റ് ചെയ്തത്? ഞാനിത് ചൂണ്ടിക്കാണിക്കുന്നതിന്റെ കാര്യം, അങ്ങയുടെ മറുപടിയിൽ മറ്റു ബാധ്യതകളൊന്നുമില്ലാതെ സ്ഥലം ലഭ്യമാകുന്ന എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഒരു ബാധ്യതയുമില്ലാത്ത പത്തഞ്ഞൂറേക്കറോളം ഭൂമി എയിംസ് സ്ഥാപിക്കുന്നതിന് വിട്ടുനൽകാമെന്ന് ചില മുനിസിപ്പാലിറ്റികൾ സമ്മതിച്ചിട്ടുണ്ട്. അതിന്റെ നോംസ് എന്താണെന്നുള്ള കാര്യം അങ്ങ് വ്യക്തമാക്കാമോ?

ശ്രീ. വി. എസ് ശിവകുമാർ: സർ, റെയിൽ - റോഡ് - എയർ കണക്ടിവിറ്റിയുള്ളതും പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ളതുമായ സ്ഥലമാണ് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടത്. ഒരു

മാസത്തിനകം അറിയിക്കണം എന്നാണ് പറഞ്ഞിരുന്നത്. നമ്മൾ അത് അറിയിക്കുകയും ചെയ്തു. ക്യാബിനറ്റ് തന്നെ ഇതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുകയുണ്ടായി. ഏത് പ്രദേശത്ത് സ്ഥാപിച്ചാലാണ് നമുക്ക് കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകുന്നതെന്നുള്ള കാര്യങ്ങളെക്കുറിച്ചൊക്കെ വളരെ വിശദമായി ആലോചിച്ചതിനുശേഷമാണ് തീരുമാനമെടുത്തത്. ടീച്ചിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്നതാണ് എയിംസിന്റെ ലക്ഷ്യം. അതനുസരിച്ച് വിശദമായിട്ടുള്ള ആലോചനകൾ നടത്തുകയും ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയെ സ്ഥലം കണ്ടെത്തുന്നതിന് ചുമതലപ്പെടുത്തുകയും അദ്ദേഹം എല്ലാ കളക്ടർമാരെയും അറിയിച്ച് ആവശ്യമായ കണ്ടീഷൻസെല്ലാം പരിശോധിച്ചതിനുശേഷം വീണ്ടും ക്യാബിനറ്റിൽ വന്ന് വിശദമായി ചർച്ച ചെയ്തതിനുശേഷമാണ് ഈ സ്ഥലങ്ങളെ സംബന്ധിച്ച് കേന്ദ്രഗവൺമെന്റിനെ അറിയിച്ചത്.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, എയിംസ് കേരളത്തിനു ലഭിക്കാതിരിക്കുന്നതിന്റെ മുഖ്യമായ കാരണം കേന്ദ്രഗവൺമെന്റിന് കേരളത്തിനോടുള്ള അവഗണന തന്നെയാണ്. തിരുവനന്തപുരം ജില്ലയിലെ നെട്ടുകാൽത്തേരി തുറന്ന ജയിലിന് സമീപത്തുള്ള പ്രദേശമാണ് സംസ്ഥാന ഗവൺമെന്റ് പ്രൊപ്പോസ് ചെയ്യുന്ന നാല്

സ്ഥലങ്ങളിലൊന്ന്. ഒരുപക്ഷേ അതിൽ നമ്മൾ സ്ക്രസ്സ് ചെയ്താൽ നാഗർകോവിലിലുള്ളവർക്കും വരാൻ സൗകര്യമായിരിക്കും. അപ്പോൾ ഒരു താത്പര്യം കേന്ദ്രത്തിന് സ്വാഭാവികമായും ഉണ്ടാകും. തിരഞ്ഞെടുത്ത മറ്റ് സ്ഥലങ്ങൾ മോശമാണെന്നല്ല പറയുന്നത്. അതുകൊണ്ട് ഈയൊരു സ്ഥലത്തിന് പ്രാധാന്യം കൊടുത്താൽ ഒരുപക്ഷേ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിൽ ചിലപ്പോൾ മാറ്റമുണ്ടാവാനുള്ള സാധ്യതയുണ്ട്. അക്കാര്യത്തിൽ ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. വി. എസ് ശിവകുമാർ: സർ, കേന്ദ്രഗവൺമെന്റ് ഓരോ പ്രദേശത്തിന്റെയും ചെക്ക് ലിസ്റ്റ് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവരങ്ങൾ ഡീറ്റെയിലായി ചോദിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് അവർ പ്രധാനമായി ചോദിച്ചിട്ടുള്ളത് ലാന്റ് പർട്ടിക്കുലേഴ്സാണ്- സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ്. അതിന്റെ ഡീറ്റെയിൽസ് മുഴുവൻ കൊടുത്തു. ലൊക്കേഷൻ, റവന്യൂ റെക്കോർഡ് പ്രകാരമുള്ള വിവരങ്ങൾ, എയിംസ് കൊണ്ട് പ്രയോജനം ലഭിക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾ, ആ ഏരിയയിൽ കാണപ്പെടുന്ന പ്രധാന രോഗങ്ങൾ, സമീപത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരങ്ങൾ- മെഡിക്കൽ കോളേജ്, വിദ്യാർത്ഥികളുടെ എണ്ണം, ബെഡ് കപ്പാസിറ്റി, ഓൾ ഇൻഡ്യാ മെഡിക്കൽ

ഇൻസ്റ്റിറ്റ്യൂട്ട് നിർദ്ദേശിച്ച സ്ഥലത്ത് ലഭ്യമാക്കാൻ കഴിയുന്ന അടിസ്ഥാന സൗകര്യങ്ങൾ, നിയമപരമായ ക്ലിയറൻസിനെ സംബന്ധിക്കുന്ന വിവരങ്ങൾ- പഞ്ചായത്ത്, ഫയർ ഫോഴ്സ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ജില്ലാ ഭരണകൂടം എന്നിവയുടെ ക്ലിയറൻസ് ഇത്തരം കാര്യങ്ങളാണ് ചെക്ക് ലിസ്റ്റിൽ അവർ പറഞ്ഞിട്ടുള്ളത്. സൈറ്റ് അനാലിസിസ് നടത്തി ഇതെല്ലാം ഡീറ്റെയിലായി കൊടുത്തിട്ടുണ്ട്. സ്ഥലത്തെ സംബന്ധിച്ച് അവർ സന്ദർശനം നടത്തി പരിശോധിച്ചാൽ മാത്രമേ പറയാൻ കഴിയുകയുള്ളൂ. സംസ്ഥാന ഗവൺമെന്റ് ഈ നാല് സ്ഥലങ്ങളും തുല്യ പ്രാധാന്യത്തോടുകൂടി തന്നെയാണ് നൽകിയിട്ടുള്ളത്.

ശ്രീ. കെ. ദാസൻ: സർ, കോഴിക്കോട് ജില്ലയിൽ കാന്തലാട്ട് വില്ലേജിലെ കിനാലൂർ ഏരിയ എന്ന് പറയുന്നത് കോഴിക്കോട് മെഡിക്കൽ കോളേജിന് ഏതാണ്ട് പത്ത് കിലോമീറ്ററിനടുത്താണ്. കൂടാതെ എയർപോർട്ടിനടുത്തുമാണ്. ഈ പ്രദേശം സംസ്ഥാന ഗവൺമെന്റിന്റെ കൈയിലാണ്. അതിന്റെ ബാധ്യത മുഴുവൻ വ്യവസായ വകുപ്പിനാണ്. സംസ്ഥാനമിപ്പോൾ നാല് കേന്ദ്രങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ട്. ഈ നാല് കേന്ദ്രങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് ബാധ്യതയില്ലാത്ത സ്ഥലം ഏതാണെന്ന് പറഞ്ഞിട്ടില്ല. അതൊന്ന് പറയാമോ?

ശ്രീ. വി. എസ് ശിവകുമാർ: സർ, ഈ നാല് സ്ഥലങ്ങളും സംസ്ഥാന

ഗവൺമെന്റിന്റെ കീഴിൽ തന്നെയാണ്. കൊച്ചിയിൽ കൊടുത്തത് കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള എച്ച്.എം.റ്റി.യുടെ പ്രദേശമാണ്. ബാക്കിയുള്ളതെല്ലാം സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള സ്ഥലംതന്നെയാണ്. പൂർണ്ണ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിനാണ്.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ ചർച്ച നടക്കുന്നത് നാല് സ്ഥലം, ഏത് സ്ഥലം എന്ന തർക്കമാണ്. തർക്കമല്ല ആശങ്ക പ്രകടിപ്പിക്കുകയാണ്. യാഥാർത്ഥ്യവുമായി ബന്ധം വേണ്ടേ. ബഡ്ജറ്റ് അടുത്തയാഴ്ച വരാൻ പോവുകയാണ്. ഇതുവരെ കേന്ദ്രസംഘം ഇവിടെ വരികയോ പരിശോധിക്കുകയോ സ്ഥലത്തെ സംബന്ധിച്ച് ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. ഇനി ഒരാഴ്ചക്കകം കേന്ദ്രസംഘം വന്ന് പരിശോധിക്കുമെന്ന് നമ്മൾ ചിന്തിക്കുന്നതിൽ അർത്ഥമുണ്ടോ. ആ നിലയ്ക്ക് കേരളത്തിൽ ഇത് നഷ്ടപ്പെടാൻ പോവുകയാണ് എന്ന സത്യം മനസ്സിലാക്കികൊണ്ട് വളരെ ശക്തമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽതന്നെ ഈ കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ് ശിവകുമാർ: സർ, സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും സമർപ്പിക്കുകയും വളരെ

ശക്തമായ സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ പത്തോളം മന്ത്രിമാർ പ്രധാനമന്ത്രിയെ കണ്ട് ഏറ്റവും പ്രധാനപ്പെട്ട കാര്യമായി എയിംസ് കേരളത്തിൽ സ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. പഴയ കേന്ദ്രമന്ത്രി ശ്രീ. ഹർഷവർദ്ധൻ തിരുവനന്തപുരത്ത് വന്ന് മുഖ്യമന്ത്രിയുമായി ചർച്ച നടത്തി. അദ്ദേഹത്തോട് ഡൽഹിയിൽ പോയി പല പ്രാവശ്യം ഞാൻ ഈ കാര്യത്തെക്കുറിച്ച് അഭ്യർത്ഥന നടത്തിയിട്ടുണ്ട്. പുതിയ മന്ത്രി വന്നപ്പോൾ അദ്ദേഹവുമായി സംസാരിച്ചു. അദ്ദേഹം തിരുവനന്തപുരത്ത് വന്നപ്പോൾ തന്നെ പ്രത്യേകമായി കാര്യങ്ങൾ പറഞ്ഞു. ഇതിനുവേണ്ടിയുള്ള നിവേദനങ്ങൾ കൊടുത്തിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ പ്രത്യേകമായ ശ്രദ്ധ കൊടുക്കണമെന്നും ഇപ്രാവശ്യം എയിംസ് നേടിയെടുക്കുന്നതിലേയ്ക്ക് വേണ്ട ശ്രമങ്ങൾ നടത്തണമെന്നും പാർലമെന്റ് അംഗങ്ങളോടും പറഞ്ഞിട്ടുണ്ട്. അവർ അത് മൂവ് ചെയ്യുന്നുണ്ട്.

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, എയിംസിനുവേണ്ടി എല്ലാ ശ്രമങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണെന്ന് ഇപ്പോൾ സൂചിപ്പിച്ചു. ഒരാഴ്ചക്കകം ഇതുമായി ബന്ധപ്പെട്ട തീരുമാനം കൈക്കൊള്ളണമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലൊരു സർവ്വകക്ഷി സംഘം കേന്ദ്രത്തിൽ പോയി കേരളത്തിന്റെ നിലപാട് വിശദീകരിച്ച് ഉടനടി ഇവിടെ സന്ദർശിക്കണമെന്ന് ആവശ്യപ്പെടാനുള്ള

ഒരു സമീപനം മന്ത്രി കൈക്കൊള്ളുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. വി. എസ് ശിവകുമാർ: സർ, ഈ ബഡ്ജറ്റിൽ എയിംസ് അടുത്ത ഘട്ടത്തിലായി ഉൾപ്പെടുത്താമെന്നാണ് കേന്ദ്ര മന്ത്രി അറിയിച്ചിട്ടുള്ളത്. തീർച്ചയായും മുഖ്യമന്ത്രിയുമായി സംസാരിച്ച് ഇതിനെക്കുറിച്ച് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, കേന്ദ്രഗവൺമെന്റ് പരിഗണിക്കുന്ന നാല് സ്ഥലങ്ങളെക്കുറിച്ച് പറഞ്ഞു. അതിലേറ്റവും അനുയോജ്യമായ സ്ഥലം കൊച്ചിയാണ്. കാരണം രോഗികളാണെങ്കിലും റിസർച്ചേഴ്സാണെങ്കിലും എല്ലാപേർക്കും ആക്സസബിൾ ആയിട്ടുള്ള സ്ഥലം കൊച്ചിയാണെന്നുള്ള കാര്യത്തിൽ സംശയമില്ല. തിരുവനന്തപുരത്ത് ഇപ്പോൾ രണ്ടാമത്തെ മെഡിക്കൽ കോളേജ് വന്നിരിക്കുകയാണ്. എറണാകുളത്ത് സഹകരണ മേഖലയിലെ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തു. പക്ഷെ അതിൽ കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല എന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ കൊച്ചിക്ക് വലിയ പ്രാധാന്യം കൊടുത്ത് ഈ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കൊച്ചിയിൽ ഇത് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. വി. എസ് ശിവകുമാർ: സർ, കൊച്ചിയിൽ നമ്മൾ സ്ഥലം നൽകിയിട്ടുണ്ട്.

പരിശോധനകൾ നടത്തി അവിടെ സ്ഥാപിക്കുന്നതിനുള്ള സാധ്യത ഉണ്ടെങ്കിൽ തീർച്ചയായും കൊച്ചിയിൽ സ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള കാര്യങ്ങൾ ചെയ്യും. സഹകരണ മെഡിക്കൽ കോളേജിന്റെ കാര്യം പറഞ്ഞു. കൊച്ചിയിൽ ഗവൺമെന്റ് മെഡിക്കൽ കോളേജില്ലാത്തതുകൊണ്ടാണ് സഹകരണ മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തത്. വളരെയധികം ബാധ്യതയാണ് ഗവൺമെന്റിന് അക്കാര്യത്തിലുള്ളത്. ഇപ്പോൾത്തന്നെ 350 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. എണ്ണൂറോളം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്നതിലേയ്ക്കാവശ്യമായ നടപടികളുമായി മുന്നോട്ടു പോകുന്നു. മറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ഏറ്റെടുക്കുന്നതാണ്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, എയിംസിന്റെ ആലോചന വന്നപ്പോൾ ചാലക്കുടി നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ത്വക്ക് രോഗ ആശുപത്രി വക 110 ഏക്കർ സ്ഥലം ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. ഹൈവേയോട് ചേർന്ന് റെയിൽവേ സ്റ്റേഷന്റെയും എയർപോർട്ടിന്റെയും സാമീപ്യം ഒക്കെയുള്ള ഒരു സ്ഥലമാണ്. കഴിഞ്ഞ ഗവൺമെന്റ് ഇവിടെ മെഡിസിറ്റി ആരംഭിക്കാൻ വേണ്ടി INKEL-നെ കൊണ്ട് സ്റ്റഡി നടത്തിയതിന്റെ റിപ്പോർട്ട് വരെ ലഭിച്ചതാണ്. പക്ഷെ തുടർ നടപടികൾ ഉണ്ടായില്ല. ഈ സ്ഥലം എന്തുകൊണ്ടാണ് ഈ പരിഗണനാ

ലിസ്റ്റിൽ ഉൾപ്പെടുത്താത്തതെന്ന് വ്യക്തമാക്കാമോ; അതുകൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ് ശിവകുമാർ: സർ, ചാലക്കുടിയിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ നൂറ് ഏക്കറിൽപ്പരം സ്ഥലം മാത്രമാണുള്ളത്. വിശദമായി പരിശോധിച്ചപ്പോൾ എയിംസിന് ആവശ്യമായിട്ടുള്ള അത്രയും ഏരിയയില്ല എന്ന് മനസ്സിലായി. അതോടൊപ്പംതന്നെ ആരോഗ്യവകുപ്പിന്റെ മറ്റേതെങ്കിലും പ്രോജക്റ്റ് അവിടെ തുടങ്ങുന്നതിലേയ്ക്ക് വേണ്ടി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്.

## വേതന സുരക്ഷാപദ്ധതി

(*512) ശ്രീ. പി. എ. മാധവൻ:

ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേതന സുരക്ഷാപദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ,

(എ) സംസ്ഥാനത്ത് വേതന സുരക്ഷാപദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) സംസ്ഥാനത്തെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനോടൊപ്പംതന്നെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമുള്ള വേതന സുരക്ഷാപദ്ധതി (ഇ-പേയ്മെന്റ്) നടപ്പിലാക്കുന്നതിന്റെ അന്തിമഘട്ട നടപടികൾ തൊഴിൽ വകുപ്പിൽ പുരോഗമിച്ചുവരുന്നു. ഈ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം, നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും, കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് ഓൺലൈൻ മുഖേന നേരിട്ട് ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമ പ്രകാരവും, 1936-ലെ വേതനം കൊടുക്കൽ നിയമ പ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ

നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയുന്നതാണ്.

(സി) വേതന സുരക്ഷാപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1958-ലെ മിനിമം വേതന നിയമത്തിൽ ഭേദഗതി വരുത്തികൊണ്ട് സർക്കാരിന്റെ 08.07.2015-ലെ സ.ഉ. (അച്ചടി) നം. 84/2015/തൊഴിൽ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും വിവിധ നാഷണലൈസ്ഡ്, ഷെഡ്യൂൾഡ്, കൊമേഴ്സ്യൽ ബാങ്കുകളുമായും സ്വകാര്യ തൊഴിലുടമ പ്രതിനിധികളുമായും ചർച്ച നടത്തിയും വേതന സുരക്ഷാ പദ്ധതിയുടെ പ്രാരംഭ ഘട്ടം വിജയകരമായി പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. എ. റ്റി. ജോർജ്</u>: സർ, വേതന നിയമം ഭേദഗതി വരുത്തിയ സർക്കാരിനെ ഞാൻ അഭിനന്ദിക്കുന്നു. അതോടൊപ്പംതന്നെ സംസ്ഥാനത്തെ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലും സ്വകാര്യ ആശുപത്രികളിലും അൺ എയ്ഡഡ് സ്കൂളുകളിലും ജോലി നോക്കിവരുന്ന ജീവനക്കാർക്ക് ബാങ്ക് മുഖേന ശമ്പളം ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ഇത് രാജ്യത്തെ തന്നെ ആദ്യത്തെ ഒരു

സംരംഭമാണ്. മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ടെക്നോളജി ആഡ് ചെയ്തുകൊണ്ട് ലഘൂകരിക്കുന്നതിന്റെ ഭാഗമായിട്ടാണ്. ആദ്യമായി ഇങ്ങനെയൊരു പദ്ധതി തിരുവനന്തപുരം ജില്ലയിലാണ് പൈലറ്റ് ബേസിസിൽ നടപ്പിലാക്കുന്നത്. ഇതിൽ ഏഴ് സെക്ടേഴ്സാണ് ഐഡന്റിഫൈ ചെയ്തിട്ടുള്ളത്. ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്, സ്കൂളുകൾ, ആശുപത്രികൾ, അൻപത് തൊഴിലാളികളിൽ കൂടുതൽ പണിയെടുക്കുന്ന ജ്വവലറികൾ, വസ്ത്ര വ്യാപാര ശാലകൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നവയാണ്. ഈ മേഖലകളിൽ പണിയെടുക്കുന്നവരുടെ പേയ്മെന്റ് ബാങ്ക് വഴി കൊടുക്കുകയും അതിന്റെ കോപ്പി എ.എൽ.ഒ.യുടെ കമ്പ്യൂട്ടറിൽ ലഭ്യമാകുന്ന ഒരു സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ മിനിമം വേതന നിയമത്തിന്റെ നിഷേധം അവസാനിപ്പിക്കാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. എ. റ്റി. ജോർജ്</u>: തലസ്ഥാന നഗരത്തെയാണ് പൈലറ്റ് പ്രോജക്ടായി ഏറ്റെടുത്തിട്ടുള്ളതെന്ന് അങ്ങ് സൂചിപ്പിച്ചു. എന്നാൽ തലസ്ഥാനത്തെ ഒരു സ്വകാര്യ

എഞ്ചിനീയറിംഗ് കോളേജായ അസീസ് എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാർക്ക് മാസങ്ങളായി ശമ്പളമോ മറ്റ് ആനുകൂല്യമോ ലഭിക്കുന്നില്ലെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സ്പെസിഫിക്കായി എന്റെ ശ്രദ്ധയിൽ ഇങ്ങനെയൊരു വിഷയം പെട്ടിട്ടില്ല. അത് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധയിൽപ്പെടുത്തിയതുകൊണ്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളാം. ഞാൻ ഒരു കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. അദ്ധ്യാപകർ തൊഴിൽ വകുപ്പിന്റെ പരിധിയിൽ വരുന്ന വിഭാഗമല്ല എന്നുള്ള ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുള്ളതിനാൽ ആ കാര്യങ്ങളിൽ ഇടപെടാൻ നമുക്ക് പരിമിതികളുണ്ട് എന്നുകൂടി അറിയിക്കുകയാണ്.

ശ്രീ. ബെന്നി ബെഹനാൻ: സർ, വേതന സുരക്ഷാ പദ്ധതി നടപ്പാക്കുന്ന മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. മന്ത്രിയിവിടെ സൂചിപ്പിച്ചത് ഇത് ഏഴ് സെക്ടറുകളിലാണ് നടപ്പാക്കുന്നതെന്നാണ്. അദ്ധ്യാപകർ, ഷോപ്പ് ആന്റ് കമേഴ്സിയൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്നവർ, വൻകിട ഹോട്ടലുകൾ,

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, ജ്വലറികൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇവർക്കുള്ള മിനിമം വേജസ് പദ്ധതിയിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ? അതോടൊപ്പംതന്നെ പ്രൈവറ്റ് ആശുപത്രികളിലും സ്വകാര്യ സ്കൂളുകളിലും വൗച്ചറിൽ ഒപ്പിടിപ്പിക്കുന്ന പൈസ യഥാർത്ഥത്തിൽ അവർക്ക് ലഭ്യമാകുന്നില്ല. അത് തടയുന്നതിനുവേണ്ടി ഒരു ബെയർ വേജസ് ബില്ലിനെക്കുറിച്ച് ആലോചിക്കുമെന്ന് അങ്ങ് പറഞ്ഞു, അതിന്റെ ഉദ്ദേശങ്ങൾ എന്തൊക്കെയാണ്; അത് നടപ്പാക്കാൻ കഴിയുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, മിനിമം വേജസ് കാലാകാലങ്ങളിൽ പുതുക്കുന്നതാണ്. സാധാരണഗതിയിൽ അഞ്ചു വർഷത്തിലൊരിക്കലാണ് ഓരോ സെക്ടറുകളിലും പുതുക്കുന്നത്. ചില മേഖലകളിൽ മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കാറുണ്ട്. അതിങ്ങനെ തുടർന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ പുതുക്കിയ മിനിമം വേജസ് പലയിടത്തും നടപ്പിലാക്കുന്നില്ല. സ്ഥാപനങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചെങ്കിലും അതിനനുസരിച്ച് എ.എൽ.ഒ.മാരുടേയും മറ്റ്

ഗവൺമെന്റ് ഉദ്യോഗസ്ഥരുടെയും എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. അതുകൊണ്ട് ടെക്നോളജി ഉപയോഗിച്ചുകൊണ്ട് ഇതിനെ കുറച്ചുകൂടി ഇഫക്ടീവായി കൺട്രോൾ ചെയ്യാമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി കൊണ്ടുവന്നിട്ടുള്ളത്. വൗച്ചർ എഴുതിക്കൊടുക്കുന്ന രീതി ഇതോടെ അവസാനിക്കും. കേരളത്തിലെല്ലാംകൂടി എഴുപത്തിയൊൻപതു ലക്ഷത്തോളം തൊഴിലാളികളുണ്ട് എന്നാണ് കണക്ക്. ഈ തൊഴിലാളികളുടെ കൂലിയാണെങ്കിലും ശമ്പളമാണെങ്കിലും ബാങ്ക് വഴി ലഭ്യമാകുന്ന ഒരു സാഹചര്യമുണ്ടാക്കിയെടുക്കുന്നതിന്റെ തുടക്കമെന്ന നിലയിലാണ് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പ്രോജക്ടായി ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u>: സർ, ഈ പദ്ധതി സംസ്ഥാന വ്യാപകമായി എന്ന് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്? പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലാണെന്ന് പറഞ്ഞു. സംസ്ഥാന വ്യാപകമായി എല്ലാ തൊഴിലാളികൾക്കും ബെനിഫിറ്റ് കിട്ടാവുന്ന വിധം ഈ പദ്ധതി എന്നുമുതൽ നടപ്പിലാക്കാൻ കഴിയും?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, കേരളത്തിൽ ഈ നിയമ ഭേദഗതി

കൊണ്ടുവന്നതോടെ ഇവിടെ പണിയെടുക്കുന്ന എല്ലാ തൊഴിലാളികൾക്കും പുതിയ നിയമമനുസരിച്ച് ശമ്പളം കിട്ടുന്ന ഒരു സാഹചര്യമാണ് സൃഷ്ടിക്കാൻ പോകുന്നത്. എന്നാൽ ഈ എഴുപത്തിയൊൻപതു ലക്ഷം തൊഴിലാളികളേയും ഇതിന്റെ കീഴിൽ കൊണ്ടുവരുമ്പോൾ സെർവ്വർ സ്റ്റക്കാകുകയോ മറ്റെന്തെങ്കിലും പ്രശ്നമുണ്ടാകുകയോ ചെയ്താൽ തൊഴിലാളികൾക്ക് ശമ്പളം കിട്ടാത്ത ഒരു സാഹചര്യമുണ്ടാകും. അതൊഴിവാക്കാൻ വേണ്ടി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നുവെന്ന് മാത്രമെയുള്ളൂ. ഈ നിയമം ഇൻഡ്യയിൽ ഒരിടത്തും നടപ്പിലായിട്ടില്ല. യു.എ.ഇ. അടക്കമുള്ള ഗൾഫ് രാജ്യങ്ങളിലാണ് ഇപ്പോൾ ഇത്തരമൊരു സംവിധാനമുള്ളത്. അത് റിപ്ലിക്കേറ്റ് ചെയ്തുകൊണ്ടാണ് കേരളത്തിൽ ഈ പദ്ധതി തുടങ്ങുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മിനിമം വേജസ് ആക്ടിന്റെ കീഴിലുള്ള ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വലിയൊരു സ്റ്റെപ്പാണ് ഗവൺമെന്റ് ചെയ്തിരിക്കുന്നത്. പല സ്ഥലങ്ങളിലും തൊഴിലാളികൾക്ക് നൽകുന്ന ചെക്ക് എംപ്ലോയർ തന്നെ കാഷ് ചെയ്യുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഈ പണം എംപ്ലോയിയുടെ അക്കൗണ്ടിൽതന്നെ വന്നിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. മാത്രമല്ല

മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ വരാത്ത ധാരാളം കേന്ദ്രങ്ങളുണ്ട്. അദ്ധ്യാപകർ മിനിമം വേജസ് ആക്ടിന്റെ കീഴിലല്ല വരുന്നത്. കേരളത്തിൽ ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയരാകുന്നത് അൺ എയ്ഡഡ് മേഖലയിൽ ജോലിനോക്കുന്ന അദ്ധ്യാപകരാണ്. അതുകൊണ്ട് മിനിമം വേജസ് ആക്ടിന്റെ പരിധിയിൽ വരാത്ത ആളുകളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ടും അവർക്ക് കേവല വേതനം ഉറപ്പു വരുത്തുന്ന രീതിയിലുമുള്ള ഒരു പുതിയ നിയമ നിർമ്മാണത്തിന് സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ അവരുടെ വേതനം ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്യും. അതിനായി അഞ്ച് ബാങ്കുകളുമായി ധാരണയിലായിട്ടുണ്ട്. ബാക്കി എല്ലാ കൊമേഴ്സ്യൽ ബാങ്കുകളുടേയും ഒരു യോഗം അടുത്തയാഴ്ച വിളിച്ച് ചേർക്കും. ഇതിനായി ഒരു സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ട്. ആ സോഫ്റ്റ്‌വെയറിന്റെ പാസ്സ് വേർഡ് ഓരോ എംപ്ലോയർക്കും കൊടുക്കും. ആ എംപ്ലോയർ ലോഗിൻ ചെയ്തുകഴിഞ്ഞാൽ തൊഴിലാളികളുടെ വേതനം ബാങ്കുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ബാങ്കിലെ ഇൻഡിവിഡ്യൽ അക്കൗണ്ട്സിൽ

ക്രെഡിറ്റ് ചെയ്യുകയും അതനുസരിച്ച് എ.എൽ.ഒ. ഓഫീസിൽ അതിന്റെ details ലഭ്യമാകുകയും ചെയ്യും. അപ്പോൾ നമുക്ക് നിരീക്ഷിക്കാൻ സാധിക്കും. ഇതോടുകൂടി വൗച്ചർ കൊടുത്ത് ഇടപാട് നടത്തുന്ന സംവിധാനം അവസാനിക്കും. രണ്ടാമതായി നീതി നിഷേധം നടക്കുന്ന ഒരു വിഭാഗമാണ് അൺ എയ്ഡഡ് സ്കൂളുകളിൽ പണിയെടുക്കുന്ന അദ്ധ്യാപകർ. നിർഭാഗ്യവശാൽ ഇവർ മിനിമം വേജസ് ആക്റ്റിന്റെ പരിധിയിൽ വരില്ലായെന്ന ഒരു വസ്തുതയുണ്ട്. കേരളാ ഗവൺമെന്റ് കേവല വേതന ബിൽ (ബെയർ വേജസ് ബിൽ) നടപ്പിലാക്കാൻ ഉദ്ദേശിക്കുകയാണ്. ആ ബില്ലിൽ മിനിമം വേജസ് ആക്റ്റിന്റെ പരിധിയിൽ വരാത്ത എല്ലാ വിഭാഗങ്ങളും ഉൾപ്പെടും. കേരളത്തിൽ ജോലി ചെയ്യുന്ന എല്ലാവർക്കും മിനിമം വേതനം നിഷ്കർഷിച്ചുകൊണ്ടുള്ള ഒരു ബില്ലാണ് ബെയർ വേജസ് ബിൽ. അത് ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്. അത് പാസ്സാകുന്നതോടെ അദ്ധ്യാപകരടക്കം ഈ മിനിമം വേജസിന്റെ പരിധിയിൽ വരാത്ത എല്ലാവരേയും ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്ന് വേതന സുരക്ഷാ പദ്ധതിയുടെ ഭാഗമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, മിനിമം വേജസ് ആക്ടനുസരിച്ച്, മിനിമം വേജസ് നിശ്ചയിക്കപ്പെടുന്ന തൊഴിലാളികൾക്ക് അത് ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുന്നതിന് ഉത്തരവാദിത്വപ്പെട്ടവർ ലേബർ ഉദ്യോഗസ്ഥന്മാരാണ്. ലേബർ ഉദ്യോഗസ്ഥന്മാർ ഇത്തരം കാര്യങ്ങൾ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ടോ എന്നുള്ളതാണ് എന്റെ സംശയം. മാത്രമല്ല, ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന പുതിയ സംവിധാനം കേരളത്തിലെ തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്തതിനുശേഷം, അവരുടെ consensus നേടിയതിനുശേഷമാണോ അതു നടപ്പിലാക്കുന്നത്; ഇത് പ്രായോഗികമാണോ; ഇത് അതിജീവിക്കാനുള്ള ശേഷി കേരളത്തിലെ മുതലാളിമാർക്കില്ലേ; തൊഴിലാളികളെ ഈ കാര്യത്തിൽ ബോധവൽക്കരിച്ച് തൊഴിലാളികളുടെ കൂലിയും മറ്റ് ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന് അവർ സന്നദ്ധരാകുന്നതിന് ലേബർ ഡിപ്പാർട്ടുമെന്റിനെ പ്രയോജനപ്പെടുത്തുകയല്ലേ വേണ്ടത് എന്നതാണ് എന്റെ ചോദ്യം?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മുൻ തൊഴിൽ വകുപ്പുമന്ത്രി ആശങ്കപ്പെട്ടത് മുതലാളിമാരെ അതിജീവിക്കുന്നതിന് നമുക്ക് ശേഷിയുണ്ടോ എന്ന് ചോദിച്ചുകൊണ്ടാണ്. അതുസംബന്ധിച്ച് പറയാനുള്ളത്,

ആ ശേഷി നമുക്കുണ്ടാവണം എന്നാണ്. ഗവൺമെന്റും ട്രേഡ് യൂണിയനുമൊക്കെയുള്ള ഒരു സംസ്ഥാനത്ത് അതിനെ അതിജീവിക്കാനുള്ള ശേഷിയുണ്ടാകണം. ഈ പദ്ധതി തൊഴിലാളികൾക്ക് ഗുണകരമാകുമെന്നതിൽ യാതൊരു സംശയവുമില്ല. ഇതിന്റെ ടെക്നോളജിക്കൽ അഡ്വാന്റേജ് ഉപയോഗിച്ചുകൊണ്ട്....... 5-ാം തീയതി ശമ്പളം കൊടുക്കുന്ന ഡേറ്റാണ് എന്ന് ഒരു സ്ഥാപനം പറയുകയാണെങ്കിൽ, അന്നേ ദിവസം ഇന്ന സ്ഥാപനത്തിൽ ശമ്പളം കൊടുത്തില്ല എങ്കിൽ അതിതിനെക്കുറിച്ച് എ.എൽ.ഒ.-യ്ക്ക് പോപ്-അപ് വരും. ഇ.എസ്.ഐ. കൊടുത്തില്ലെങ്കിലും പോപ്-അപ് വരും. ഒരു വേജ് സ്ലിപ്പ് എന്ന നിലയിൽ 45 ഇനങ്ങളാണ് ഈ questionnaire-ൽ ഉള്ളത്. ആ 45 ഇനങ്ങളിൽ ഏതിലെങ്കിലും ലംഘനം നടത്തിയാൽ, സ്റ്റാറ്റ്യൂട്ടറിയാണെങ്കിലും മറ്റുള്ളതാണെങ്കിലും എ.എൽ.ഒ. പോയി ഫിസിക്കലായി പരിശോധിക്കാതെ തന്നെ എ.എൽ.ഒ.-യ്ക്ക് പോപ്-അപ് വരും. മാത്രവുമല്ല ഇതിന്റെ ഒരു ഹാർഡ്കോപ്പി മെയിന്റയിൻ ചെയ്യണം, അല്ലെങ്കിൽ ഇലക്ട്രോണിക് ഫോർമാറ്റിൽ മെയിന്റയിൻ ചെയ്യണമെന്നുകൂടി ബില്ലിൽ നിഷ്കർഷിക്കുന്നുണ്ട്. ഇതല്ലാതെ, ഇതിൽ കുറച്ചു പേരെ വിട്ടുപോകുകയോ ഒഴിവാക്കികൊണ്ടോ സ്റ്റേറ്റ്മെന്റ് കൊടുക്കുകയാണെങ്കിൽ ആ സ്ഥാപനത്തിൽ

പോയി പരിശോധിക്കുകയാണെങ്കിൽ അതിന്റെ വിശദാംശങ്ങൾ കിട്ടും. എന്തുകൊണ്ടും വളരെ പ്രോഗ്രസീവ് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. തീർച്ചയായും ഇതു നടപ്പിലാക്കുന്നതിൽ മറ്റു ട്രേഡ് യൂണിയനുകൾക്കോ തൊഴിലാളി സമൂഹത്തിനോ എതിർപ്പു വരേണ്ട കാര്യമില്ല. അവരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്ന ഒരു നടപടിക്രമമായി മാത്രമാണ് ഇതിനെ കാണേണ്ടത്.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, നമ്മുടെ സഭ തൊഴിലാളി വർഗ്ഗത്തിനുവേണ്ടി സുപ്രധാനമായ പല നിയമനിർമ്മാണങ്ങളും നടത്തിയിട്ടുള്ളതാണ്. ഇത് മറ്റൊരു നാഴിക കല്ലാണ്. വളരെ പ്രധാനപ്പെട്ട ഒരു നിയമ നിർമ്മാണമാണ് നടത്തുന്നത്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. വേതന സുരക്ഷാ പദ്ധതി 7 സെക്ടറിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്നാണ് അങ്ങ് സൂചിപ്പിച്ചത്. ആ 7 സെക്ടർ നിശ്ചയിച്ചതിൽ എന്തു മാനദണ്ഡമാണ് സ്വീകരിച്ചത്; അത് അങ്ങേയ്ക്ക് കിട്ടിയ പ്രത്യേക നിവേദനങ്ങളുടെ ഫലമായിട്ടാണോ നിശ്ചയിച്ചത്; ഇതിനുവേണ്ടി പ്രത്യേക പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇതിൽ ഏതെങ്കിലും സെക്ടർ വിട്ടുപോകാൻ സാധ്യതയുണ്ടോ? അതുകൊണ്ട് കഴിയുന്നിടത്തോളം ഇനിയും

കവർ ചെയ്യാത്ത മേഖലകളെല്ലാം ഇതിൽ വരത്തക്കവണ്ണം വിശദമായ ഒരു പഠനം ഈ കാര്യത്തിൽ നടത്തുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. ഷിബു ബേബി ജോൺ: സർ, 7 സെക്ടറുകൾ ഐഡന്റിഫൈ ചെയ്തപ്പോൾ ഐ.ടി. സെക്ടറിലെ പല സ്ഥാപനങ്ങളും ബാങ്ക് വഴി തന്നെയാണ് വേതനം കൊടുക്കുന്നത്. ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുമ്പോൾ അതിന്റെ എളുപ്പത്തിനുവേണ്ടിയാണ് ഐ.ടി. ഉൾപ്പെടെയുള്ള സെക്ടർ തെരഞ്ഞെടുത്തത്. പുതിയതായി വലിയ വൻകിട ജ്വല്ലറികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. അതൊക്കെ കുറച്ച് എണ്ണമായതിനാൽ കുറേക്കൂടി എളുപ്പത്തിൽ ഇതിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കും. ഏറ്റവും അധികം മിനിമം വേജസിന്റെ നിഷേധം നടക്കുന്നുവെന്ന് വ്യാപകമായി പരാതിയുണ്ടായിരുന്ന ആശുപത്രികളെ ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കോംപറ്റീഷണൽ ഫാക്ടേഴ്സ് വച്ചുകൊണ്ട് പൈലറ്റിംഗിനുവേണ്ടി മാത്രം ആദ്യം ഏഴ് സെക്ടറിനെ ഐഡന്റിഫൈ ചെയ്തു. ഒരു വർഷംകൊണ്ടുതന്നെ ഇത് കേരളത്തിലെ എല്ലാ വിഭാഗങ്ങളിലും നടപ്പിലാക്കുന്ന നിലയിലേയ്ക്ക് വ്യാപിപ്പിക്കണം എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വേതന സുരക്ഷാ പദ്ധതിയുടെ ഭാഗമായി ആശുപത്രികളിലാണ് ഇത് ആദ്യമായി ഇംപ്ലിമെന്റ് ചെയ്തതെന്ന്

ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് വേണ്ടത്ര ശക്തമല്ലായെന്നുള്ളതുകൊണ്ട് ഫലപ്രദമായി ഈ മേഖലകളിൽ ഇപ്പോഴും കാര്യങ്ങൾ നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ കഴിയുന്നില്ലായെന്ന പരിമിതി നമ്മുടെ മുമ്പിലുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള ചോദ്യം, കാലഘട്ടത്തിനനുസൃതമായി ശമ്പളം പരിഷ്കരിക്കേണ്ടതുണ്ട്. അത്തരം ഒരു പരിഷ്കരണം കൊണ്ടുവരുന്നതിന് ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കാൻ ആലോചിക്കുന്നത്?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഞാൻ നേരത്തേ മറുപടി പറഞ്ഞതുപോലെ മിനിമം വേജസ് ആക്ടനുസരിച്ച് കാലാകാലങ്ങളിൽ മിനിമം വേജസ് പുതുക്കിക്കൊണ്ടിരിക്കുകയാണ്. അത് ഏതു സെക്ടറിന്റേതാണ് എന്നു നമുക്കറിയാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർക്കറിയാവുന്നതാണ്, പ്ലാന്റേഷൻ മേഖലയിലെ മിനിമം വേജസ് പുതുക്കാൻ സമയമായിരിക്കുന്നു. അതിന്റെ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിന് ഇതുമായി ബന്ധമില്ല. മിനിമം വേജസ് നിശ്ചയിക്കുന്നതും പുതുക്കുന്നതുമൊക്കെ മറ്റൊരു സ്റ്റാറ്റ്യൂട്ടാണ്. എന്നാൽ നിശ്ചയിക്കുന്ന കൂലി കിട്ടുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഒരു ഘടകമാണ് വേജ് പ്രൊട്ടക്ഷൻ സിസ്റ്റം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങ് ഇവിടെ ആശുപത്രികളിലെ മിനിമം വേജസിനെക്കുറിച്ച് പറഞ്ഞു, അത് നല്ല കാര്യമാണ്. അതിന് വേറെ അനോമിലിയുണ്ട്. നമ്മുടെ ആശുപത്രികളിൽ ഡോക്ടർമാരുടെ ശമ്പളത്തിൽ മാക്സിമം ലിമിറ്റ് വയ്ക്കാൻ സാധിക്കുമോ? ഹൈടെക് ആശുപത്രികൾ വരുന്നതുകൊണ്ട് ഡോക്ടർമാർ കൂട്ടത്തോടെ അങ്ങോട്ടുപോകുകയാണ്. ഒരു ലിമിറ്റും അവർക്കില്ല. ഇതൊക്കെ ബെയർ ചെയ്യേണ്ടത് സാധാരണക്കാരായ രോഗികളാണ്. അതുകൊണ്ട് ഒരു ഭാഗത്ത് ആശുപത്രികളിലെ മിനിമം വേജസിനെക്കുറിച്ച് പറയുമ്പോൾ മാക്സിമം വേജസ് എത്രയെന്നുള്ള ധാരണകൂടി വേണ്ടേ?

ശ്രീ. ഷിബു ബേബി ജോൺ: സർ, നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്ത് അങ്ങനെയൊരു നിയമം ഇതുവരെയില്ല. നമ്മുടെ പരിധിയിൽ ഇങ്ങനെ ഒരു നിയമം കൊണ്ടുവരാൻ സാധ്യമല്ല.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ബെയർ മിനിമം വേജസിന്റെ ഒരു നിയമം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു എന്നാണ് പറഞ്ഞത്. അത് നല്ല കാര്യമാണ്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷേ, വ്യാപകമായി തൊഴിലാളികളെ ബാധിക്കുന്ന ഒരു നയത്തിന് രൂപം

കൊടുക്കുമ്പോൾ കേരളത്തിലെ പരിണിതപ്രജ്ഞരായ തൊഴിലാളി നേതാക്കന്മാരുമായി ഒരു കൂടിയാലോചന നടത്തുന്നതിൽ വലിയ അപാകതയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അതാണ് ശ്രീ. പി. കെ. ഗുരുദാസൻ ചോദിച്ചത്. അങ്ങ് ഒരു പുതിയ നിയമം കൊണ്ടുവന്നു. വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കി. നിലവിലുള്ള നിയമങ്ങളനുസരിച്ച് വേതനവും ആനുകൂല്യവും കിട്ടുന്നില്ല എന്നുള്ളതാണ് കേരളത്തിലെ ഇന്നത്തെ അവസ്ഥ. കൊല്ലം ജില്ലയിലെ കശുവണ്ടി മേഖലയിൽ 2009 മുതൽ 70 കോടി രൂപയാണ് സർക്കാർ മേഖലയിലെ ഗ്രാറ്റുവിറ്റി ഇപ്പോഴും കിട്ടാനുള്ളത്. ഗ്രാറ്റുവിറ്റി നിയമം പോലും നടപ്പിലാക്കാൻ കഴിയാതിരിക്കുമ്പോഴാണ് താങ്കൾ ഈ പുതിയ നിയമം കൊണ്ടുവരുന്നത്. ഉള്ള നിയമം എക്സിക്യൂട്ട് ചെയ്യണം.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ഞാൻ പറഞ്ഞത് അദ്ദേഹത്തിന് മനസ്സിലായില്ലെന്നു തോന്നുന്നു. വീഴ്ചകൾ ഉള്ളതിനാൽ അത് foolproof ആയി നടപ്പിലാക്കാൻ വേണ്ടിയാണ് ഇങ്ങനെയൊരു സംവിധാനം കൊണ്ടുവരുന്നത്. പല സ്ഥലങ്ങളിലും മിനിമം വേജസ് നിഷേധിക്കപ്പെടുന്നു, നിയമലംഘനമുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് യാഥാർത്ഥ്യമാണ്. ഫിസിക്കലി എല്ലായിടത്തും പോയി ഒരു ലേബർ ഓഫീസറിന്

പരിശോധിക്കാൻ ചിലപ്പോൾ സാധിക്കുകയില്ല. അതുകൊണ്ടാണ് ഇങ്ങനെയുള്ള ഒരു സംവിധാനം കൊണ്ടുവരുന്നതും ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഉദ്ദേശിക്കുന്നതും. ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി ചർച്ച ചെയ്യുന്നതിന് എനിക്ക് യാതൊരു മടിയുമില്ല. സമയാസമയങ്ങളിൽ ചർച്ച ചെയ്യുന്നുണ്ട്. കഴിഞ്ഞ ആഴ്ച ഇന്ത്യൻ ലേബർ കോൺഫറൻസിൽ പങ്കെടുക്കാൻ പോകുന്നതിനു മുമ്പ് സംസ്ഥാനത്തെ എല്ലാ സെൻട്രൽ ട്രേഡ് യൂണിയനുകളെയും വിളിച്ചുകൂട്ടി അവരുടെ അഭിപ്രായം ആരാഞ്ഞിട്ടുതന്നെയാണ് ഞാൻ പ്രസ്തുത കോൺഫറൻസിന് പോയതും സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം പറഞ്ഞതും. ഇത് ഗവൺമെന്റിന്റെ ഒരു നടപടിക്രമമാണ്. തൊഴിലാളികൾക്ക് ഗുണകരമാണെന്ന് വിശ്വസിച്ചതുകൊണ്ടാണ് ഇതുവരെ ചർച്ച നടത്താത്തത്. ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യുന്നത് തീർച്ചയായും സ്വാഗതാർഹമാണ്. അതിന് ഗവൺമെന്റിന് ഒരു മടിയുമില്ല.

<u>ശ്രീ. വർക്കല കഹാർ</u>: സർ, കയറും കശുവണ്ടിയും നമ്മുടെ പരമ്പരാഗത വ്യവസായങ്ങളാണ്. ഈ പരമ്പരാഗത വ്യവസായങ്ങളിൽ കാലാകാലങ്ങളിൽ മിനിമം വേജസ് പുതുക്കാറുണ്ട്. പക്ഷേ, അങ്ങനെ പുതുക്കുന്ന മിനിമം വേജസ് ഒരിക്കലും തൊഴിലാളികൾക്ക് ലഭിക്കാറില്ല. പലസ്ഥലങ്ങളിലും ഇതൊരു

യാഥാർത്ഥ്യമായി നിൽക്കുകയാണ്. എന്നാൽ ഇത് കണ്ടുപിടിക്കാൻ കഴിയുന്ന രീതിയിലുള്ള എൻഫോഴ്സ്മെന്റ് മെഷിനറി നമുക്കില്ലാത്തതിന് മന്ത്രിയെയോ ഗവൺമെന്റിനെയോ കുറ്റം പറയാൻ കഴിയില്ല. എല്ലാ ആളുകളും ഇതിന് ഉത്തരവാദിയാണ്. കാരണം രാജ്യത്ത് തൊഴിൽ പ്രശ്നങ്ങളും സ്ഥാപനങ്ങളുടെ എണ്ണവും പത്തിരട്ടിയായി. പക്ഷേ, 50 വർഷത്തിനുമുമ്പുള്ള സ്റ്റാഫ് സ്ട്രെങ്ത്താണ് നമ്മുടെ നാട്ടിലെ എ.എൽ.ഒ.-മാരിലും മറ്റ് കാര്യങ്ങളിലുമുള്ളത്. ഭരണപക്ഷവും പ്രതിപക്ഷവും മാറി മാറി വരുമ്പോൾ നാം അലോചിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം ഇതാണ്. അതുകൊണ്ട് ഇതിനെങ്ങനെ പരിഹാരമുണ്ടാക്കാൻ കഴിയും?

<u>ശ്രീ. ഷിബു ബേബി ജോൺ:</u> സർ, പരമ്പരാഗത മേഖലയിൽ ചില പ്രശ്നങ്ങളുണ്ട്. അവിടെ മിനിമം വേജസ് ഡിക്ലയർ ചെയ്യണമെങ്കിൽ, മിനിമം വേജസ് കൊടുക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടെന്നുള്ള വസ്തുത മനസ്സിലാക്കികൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച ഇൻകം സപ്പോർട്ട് സ്കീം അടക്കം ഈ ഗവൺമെന്റ് നടപ്പിലാക്കിയത്. അങ്ങനെ മാത്രമേ ആ മേഖലയെ പ്രൊട്ടക്ട് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതുകൊണ്ടാണ് അങ്ങനെയൊരു സ്കീം നടപ്പിലാക്കിയത്. ഇതിനെക്കുറിച്ച് വീണ്ടും ഞാൻ

ആവർത്തിച്ചു പറയുന്നു, ഇത് നടപ്പിലാകുന്നതോടെ ഇന്ത്യൻ ലേബർ പ്രാക്ടീസസ്സിലെ ലാന്റ് മാർക്കായി ഇതിന് മാറാൻ സാധിക്കും. ഇത് വിജയകരമാക്കി മാറ്റേണ്ടത് എല്ലാവരുടെയും ഉത്തരവാദിത്തമാണ്. ഈ ഗവൺമെന്റിന് ഇനി 8-9 മാസംകൂടിയേയുള്ളു. അടുത്ത വരുന്ന ഗവൺമെന്റും ഇതൊക്കെ മുന്നോട്ടുകൊണ്ടുപോയി നടപ്പാക്കിക്കഴിഞ്ഞാൽ ഈ കാര്യത്തിൽ നിയമനിഷേധമില്ലാത്ത ആദ്യത്തെ സംസ്ഥാനമായി കേരളത്തിന് മാറ്റാൻ സാധിക്കും എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല.

## ജല അതോറിറ്റിയിലെ റണ്ണിംഗ് കോൺട്രാക്ട്

(*513) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എളമരം കരീം :
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജല അതോറിറ്റിയിലെ റണ്ണിംഗ് കോൺട്രാക്ടിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കരാറുകാർ 80 കോടിയോളം രൂപ തട്ടിയെടുത്തെന്ന

വാർത്തയെക്കുറിച്ച് നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) അതോറിറ്റിയിലെ ക്രമക്കേടുകൾ തടയാനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ,

(എ) ജല അതോറിറ്റിയിലെ വിവിധ ജല വിതരണ പദ്ധതികളുടേയും സ്വീവർ ലൈനുകളുടേയും ദൈനംദിന അറ്റകുറ്റപ്പണികൾക്കായി വാർഷിക അടിസ്ഥാനത്തിൽ നിലവിലുള്ള സംവിധാനമാണ് റണ്ണിംഗ് കോൺട്രാക്ട്. അപ്രതീക്ഷിതമായി ഉണ്ടാകുന്ന ലീക്കുകളും പൈപ്പുപൊട്ടലുകളും മറ്റും കാലതാമസം ഇല്ലാതെ തീർപ്പാക്കാൻ ഈ സംവിധാനം പ്രയോജനകരമാണ്.

(ബി) പ്രസ്തുത വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ അന്വേഷണം നടത്തിയിട്ടില്ല.

(സി) റണ്ണിംഗ് കോൺട്രാക്ട് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി

ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. റണ്ണിംഗ് കോൺട്രാക്ട് സംവിധാനം സുതാര്യവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ഇ-ടെണ്ടറിംഗ് സംവിധാനം വാട്ടർ അതോറിറ്റിയിൽ നടപ്പാക്കിയിട്ടുണ്ട്.

2. അറ്റകുറ്റപ്പണികൾ നടത്തുന്നതിന്റെ വിശദാംശങ്ങൾ ആയ ഇൻസിഡന്റ് റിപ്പോർട്ട്, ബിൽ, എസ്റ്റിമേറ്റ്, പണിയുടെ വിശദാംശങ്ങൾ എന്നിവ ഓൺലൈനായി രേഖപ്പെടുത്തുവാൻ 'O &M Bill Monitoring System' എന്ന കമ്പ്യൂട്ടർ സംവിധാനം വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

3. ഇലക്ട്രിക്കൽ വർക്കുകൾ വാട്ടർ അതോറിറ്റിയുടെ ഇലക്ട്രിക്കൽ വിഭാഗം പരിശോധിച്ച് അംഗീകാരം നൽകിയാൽ മാത്രമേ നിലവിൽ ബിൽത്തുക നൽകുവാൻ സാധിക്കുകയുള്ളൂ.

4. കുടിശ്ശിക നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി മുൻ ബില്ലുകൾ പരിശോധിച്ച് തീർപ്പാക്കുന്നതിലേയ്ക്കായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

5. കരാറുകാർക്ക്, ചെയ്ത പ്രവൃത്തികളുടെ തുക അവരവരുടെ ബാങ്ക്

അക്കൗണ്ടിൽ നേരിട്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

6. കൂടാതെ വാട്ടർ അതോറിറ്റിയുടെ ഇന്റേണൽ ഓഡിറ്റ് വിഭാഗം വഴിയും നിലവിലുള്ള ബില്ലുകളുടെ സൂക്ഷ്മ പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

7. റണ്ണിംഗ് കോൺട്രാക്ട് സംവിധാനവും കരാർ സംവിധാനവും കുറ്റമറ്റതാക്കുന്നതിലേയ്ക്കുള്ള വിവിധ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി ശ്രീ. വി. ശിവൻകുട്ടി: സർ, വളരെ ഗൗരവമുള്ള ഒരു വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങ് അത് ഗൗരവത്തോടെ കാണുമെന്ന് പ്രതീക്ഷിക്കുന്നു. 1972-ൽ അരുവിക്കരയിലാണ് ജല അതോറിറ്റി കുടിവെള്ള ശുദ്ധീകരണ പ്ലാന്റ് സ്ഥാപിച്ചത്. ആ പ്ലാന്റിൽനിന്നാണ് തലസ്ഥാന നഗരിയിലേയ്ക്ക് വെള്ളം കിട്ടുന്നത്. Areation, flocculation, sedimentation, filtration, disinfection എന്നിങ്ങനെ അഞ്ചുഘട്ടങ്ങളിലുള്ള ശുദ്ധീകരണം നടത്തിയതിനുശേഷമാണ് ശുദ്ധജലം കൊടുക്കേണ്ടത്. അങ്ങ് ഒന്ന് പരിശോധിച്ച് നോക്കണം. ഒരുതരത്തിലുള്ള ശുചീകരണവും അവിടെ

നടക്കുന്നില്ലായെന്നുള്ളത് സത്യമാണ്. ഞാൻ അവിടെ സന്ദർശിച്ചു. രണ്ട് ശുചീകരണപ്ലാന്റുകൾ പൊളിച്ചിട്ടിരിക്കുകയാണ്. മനുഷ്യാവകാശ കമ്മീഷനിൽ കേസ് കൊടുത്തു. അവിടത്തെ വെള്ളം ടെസ്റ്റ് ചെയ്തപ്പോൾ ഇ-കോളി ബാക്ടീരിയയുടെ അംശം വളരെ കൂടുതലാണ്. ശുദ്ധീകരണം എന്ന പേരിൽ ക്ലോറിൻ അടിച്ചുകലക്കിയ വെള്ളമാണ് വിതരണം നടത്തുന്നത്. അങ്ങുതന്നെ ഇടപെട്ട ഒരു വിഷയമാണ്- തൃക്കണ്ണാപുരത്ത് 5 എം.എൽ.ഡി. ശുദ്ധജലം വിതരണം ചെയ്യുന്ന പ്ലാന്റ് യാതൊരു ശുചീകരണവും ഇല്ലാതെ ആറ്റിൽനിന്ന് നേരിട്ട് വെള്ളം പമ്പ് ചെയ്ത് ആ പ്രദേശത്തുള്ള മുഴുവൻ ജനങ്ങൾക്കും കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. അങ്ങ് ഗൗരവമായെടുത്തിട്ടുണ്ടെന്നറിയാം. അരുവിക്കരയിലെ കാര്യം വളരെ ഗൗരവമുള്ള പ്രശ്നമാണ്. വെള്ളം ടെസ്റ്റ് ചെയ്തപ്പോൾ ഇ-കോളി ബാക്ടീരിയയുടെ അംശം വളരെ കൂടുതലാണ്. ഈ നിയമസഭയിൽ ഇരിക്കുന്ന എല്ലാവരും ആ വെള്ളം കുടിച്ചുകൊണ്ടാണിരിക്കുന്നത് എന്നുള്ള കാര്യംകൂടി ഓർമ്മവേണം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, തൃക്കണ്ണാപുരത്തെ 5 എം.എൽ.ഡി. പ്ലാന്റ് വളരെ പഴക്കമുള്ള സംവിധാനമാണ്. അവിടെ അണുവിമുക്തമാക്കി വെള്ളം കൊടുക്കുന്നു എന്നുമാത്രമാണുള്ളത്. അക്കാര്യം ശരിയാണ്. പക്ഷേ അരുവിക്കരയെ സംബന്ധിച്ചുള്ള ടെസ്റ്റിംഗ് റഗുലറായി നടക്കുന്നുണ്ട്. വെള്ളത്തിൽ ഇ-കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം കൂടുതലാണ് എന്നുള്ളത് ശരിയല്ല. ശുദ്ധീകരിക്കുന്നതിനുമുമ്പ്, സോഴ്സിൽനിന്നെടുത്ത വെള്ളത്തിലാണ് ബാക്ടീരിയ കണ്ടത് എന്നുള്ള റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. കാലപ്പഴക്കം കാരണം ഒരു പ്ലാന്റ് നവീകരിക്കേണ്ടതായിട്ടുണ്ട്. അതിനെയാണ് പൊളിച്ചിട്ടിരിക്കുന്നുവെന്ന് പറയുന്നത്. ഈ പ്ലാന്റിന്റെ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് ഏറ്റവും വേഗം പൂർത്തിയാക്കുന്നതാണ്. തൃക്കണ്ണാപുരത്തെ പ്ലാന്റിന് ബദൽ സംവിധാനം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനുവേണ്ടിയാണ് ജൈക്ക, ജൻറം പദ്ധതികൾ നടപ്പിലാക്കിയത്. ഈ പദ്ധതികൾ എന്നാണ്

തുടങ്ങിയതെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രിക്ക് ഓർമ്മയുണ്ടാകുമോ എന്നറിയില്ല. എനിക്കോർമ്മയില്ല. പൈപ്പിടുന്നതിനുവേണ്ടി റോഡുകൾ മുഴുവൻ കുഴിച്ചുകുഴിച്ച് പോവുകയാണ്. മാത്രമല്ല, ഈ പൈപ്പുകൾ മുഴുവൻ റോഡിലാണ് കൊണ്ടിടുന്നത്. ഇത്തരത്തിൽ റോഡിൽ ഇട്ടിരിക്കുന്ന പൈപ്പിൽ ഇപ്പോൾ ചിലർ താമസവും തുടങ്ങിയിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കുറെ വർക്കുകൾ പൂർത്തീകരിച്ചു. കോടിക്കണക്കിന് രൂപ മുടക്കിയിട്ടുള്ളതാണ്. അതുപോലെ ജൻറം പദ്ധതിയുടെ കീഴിൽ വരുന്ന കുറെ വർക്കുകളും പൂർത്തീകരിച്ചു. ഇതിനാവശ്യമായ ടാങ്കുകൾ, ഉദാഹരണമായി ജഡ്ജിക്കുന്നിലെയും ആറ്റുകാലിലെയും ടാങ്കുകളിൽ ആവശ്യത്തിന് വെള്ളം നിറഞ്ഞുകിടക്കുകയാണ്. പക്ഷേ വെള്ളം കൊടുക്കാൻ നിവൃത്തിയില്ല. ഇനി ഏഴെട്ട് മാസക്കാലമുണ്ട്, അങ്ങയുടെ കാലഘട്ടത്തിലെങ്കിലും ഇത് പൂർത്തീകരിച്ച് ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് മുൻകയ്യെടുക്കുമോ ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ജൈക്ക, ജൻറം എന്നീ

പദ്ധതികൾക്കായി സ്ഥാപിച്ച പൈപ്പുകൾ തമ്മിൽ ഇന്റർകണക്ട് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാകാനുണ്ട്. അതിനുവേണ്ടി പ്രത്യേക നിർദ്ദേശം നൽകി സംവിധാനമുണ്ടാക്കിയിട്ടുണ്ട്. കഴിവതും വേഗം പൂർത്തിയാക്കി എല്ലാ ഭാഗത്തും ശുദ്ധജല വിതരണം ശരിയായതോതിൽ നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എളമരം കരീമിനുവേണ്ടി ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ജല അതോറിറ്റിയിൽ, പ്രത്യേകിച്ച് റണ്ണിംഗ് കോൺട്രാക്ട് ഒരുപാട് അഴിമതിക്കും ആക്ഷേപങ്ങൾക്കും വിധേയമായതാണെന്ന് ഒരു ചോദ്യത്തിനുള്ള ഉത്തരത്തിൽ അങ്ങുപോലും സമ്മതിച്ചതാണ്. ഇതിന് പരിഹാരം കാണാൻ ഏർപ്പെടുത്തിയ ഇ-ടെണ്ടറിംഗ് സംവിധാനം അതിനെക്കാളും വലിയ അഴിമതിക്ക് കളമൊരുക്കിയെന്നുള്ളതും മനസ്സിലാക്കിക്കാണും. ഇതിനുവേണ്ടി കിയോണിക്സ് (കർണ്ണാടക സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ) എന്ന അന്യസംസ്ഥാന കമ്പനിയെയാണ് ഉപയോഗിക്കുന്നത്. അവർ ഇതിനുവേണ്ടി Tender wizard എന്ന സോഫ്റ്റ്‌വെയറാണ് ഉപയോഗിക്കുന്നത്. 20,000/- രൂപ

മുതലുള്ള എല്ലാത്തിനും അവർക്ക് പണം കൊടുക്കണം. ഏകദേശം പത്തൊമ്പതരക്കോടി രൂപ ഇപ്പോൾത്തന്നെ കൊടുത്തു എന്നാണ് വാർത്തകൾ വന്നത്.

മി. സ്പീക്കർ: യെസ്.......

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ചോദ്യം പൂർത്തീകരിച്ചോട്ടെ. മുൻചീഫ് സെക്രട്ടറി അതിനെ എതിർത്തു എന്നാണ് പറയുന്നത്. വാട്ടർ അതോറിറ്റിയിൽ അഴിമതി അവസാനിപ്പാക്കുന്നതിനായി ഏർപ്പെടുത്തിയ സംവിധാനം അതിനേക്കാൾ വലിയൊരു അഴിമതിക്ക് വിധേയമാകുന്ന സംവിധാനമായി മാറുന്നുണ്ട്. ഇതെങ്ങനെ അവസാനിപ്പിക്കാൻ സാധിക്കും; എല്ലാവർക്കും ബോദ്ധ്യമാകുന്ന രൂപത്തിലുള്ള ഏതെങ്കിലുമൊരു സംവിധാനം കൊണ്ടുവരാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, അറ്റകുറ്റപ്പണികൾ നടക്കുമ്പോഴുണ്ടാകുന്ന പ്രശ്നത്തെ സംബന്ധിച്ചാണ് ഈ ചോദ്യം. അറ്റകുറ്റപ്പണികൾ നടക്കുന്ന സമയത്തുതന്നെ incident റിപ്പോർട്ട് ചെയ്യാനും ബില്ലിന്റെ വിശദാംശങ്ങൾ ഓൺലൈനായി

രേഖപ്പെടുത്തുവാൻ 'O &M Bill Monitoring System' ഏർപ്പെടുത്തി. ആ സിസ്റ്റത്തിന് തകരാറില്ല. 2014-ലാണ് ഈ സംവിധാനം നടപ്പിലാക്കിയത്. ആദ്യത്തേതിൽ മാത്രം പൂർണ്ണമായ റിപ്പോർട്ടില്ല എന്നുള്ള ചില പരാതികൾ വന്നു. അത് പരിശോധിക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരേയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരേയും ചുമതലപ്പെടുത്തി. ഇപ്പോൾ ഈ സംവിധാനം കൃത്യമായി നടക്കുന്നുണ്ട്. ഇതനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് അധിക തുക ആവശ്യപ്പെടുന്ന എന്നുള്ള പരാതി ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സോഫ്റ്റ്‌വെയറിനെ സംബന്ധിച്ച് ഒരു പരാതിയും ലഭിച്ചിട്ടില്ല.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, റണ്ണിംഗ് കോൺട്രാക്ടിനെ സംബന്ധിച്ച് 18.06.2014-ൽ ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ നൽകിയ മറുപടിയിൽ ഇത് സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടക്കുന്നുണ്ട് എന്നാണ് പറഞ്ഞത്. ഇന്നത്തെ മറുപടിയിൽ അന്വേഷണം നടത്തിയിട്ടില്ല എന്നാണ് പറഞ്ഞത്. ഇതിൽ ഏതാണ് ശരി എന്നുള്ളത് വ്യക്തമാക്കണം. അതോടൊപ്പം റണ്ണിംഗ് കോൺട്രാക്ട് സംവിധാനം

ഉൾപ്പെടെയുള്ള മറ്റെല്ലാ സൗകര്യങ്ങളുമൊരുക്കിയിട്ടും കേരളത്തിലെ പല ഭാഗങ്ങളിലും പൈപ്പ് പൊട്ടുകയും അത് നന്നാക്കാതിരിക്കുകയും ചെയ്യുക എന്നുള്ളത് വാട്ടർ അതോറിറ്റിയുടെ സ്ഥിരം പരിപാടിയാണ്. അതിന്റെ കാരണം അന്വേഷിച്ചപ്പോൾ വാട്ടർ അതോറിറ്റിയിൽ സ്ഥിരം നിയമനങ്ങൾ നടക്കുന്നില്ലായെന്നുള്ളതാണ് യഥാർത്ഥത്തിൽ ചൂണ്ടിക്കാണിക്കുന്ന പ്രശ്നം. അസിസ്റ്റന്റ് എഞ്ചിനീയർമാർ ഉൾപ്പെടെയുള്ളവരുടെ നിയമനം താൽക്കാലികമായി നടത്തുക, പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുക, താൽക്കാലിക നിയമനം നടത്തുക...... താൽക്കാലിക നിയമനക്കാർക്ക് പൈപ്പുലൈനുകൾ എവിടെയാണ് സ്ഥാപിച്ചിരിക്കുന്നത് എന്നുള്ളതിനെക്കുറിച്ച് ഒരു വിവരവുമില്ല. അവർ ഇതിനെക്കുറിച്ച് പഠിക്കാൻ ശ്രമിക്കാറുമില്ല. കുറച്ചുദിവസം കഴിയുമ്പോൾ അവരെ മാറ്റി വേറെ ആളുകളെ നിയമിക്കുകയാണ് ചെയ്യുന്നത്. വാട്ടർ അതോറിറ്റിയിൽ സ്ഥിരനിയമനം നടത്താനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; റണ്ണിംഗ് കോൺട്രാക്ട് സംവിധാനത്തിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കുമോ; നേരത്തെ

നടന്ന അഴിമതിയെക്കുറിച്ചുള്ള അന്വേഷണം എന്തായി എന്നുള്ളതിനെക്കുറിച്ച് അറിയാൻ താൽപ്പര്യപ്പെടുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, തട്ടിപ്പ് നടന്നു എന്നതാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ (ബി) പാർട്ടിലെ ചോദ്യത്തിൽ പറയുന്നത്. പക്ഷേ അത്തരത്തിൽ തട്ടിപ്പ് നടന്നിട്ടില്ല. ഇക്കാര്യങ്ങളെ സംബന്ധിച്ച് റഗുലറായിട്ടുള്ള അന്വേഷണങ്ങൾ നടക്കുന്നുണ്ടെന്നുള്ളതല്ലാതെ ഇങ്ങനെയൊരു തട്ടിപ്പ് നടന്നതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടില്ല. വാട്ടർ അതോറിറ്റയിലെ നിയമനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. പി.എസ്.സി.-യിൽനിന്നും നിയമനങ്ങൾ നടത്തുന്നതിനുള്ള സെലക്ട് ലിസ്റ്റ് സമയത്ത് ലഭിക്കുന്നില്ല. കുറെ വേക്കൻസികൾ നിലവിലുണ്ട്. പൈപ്പ് പൊട്ടിയാലുണ്ടാകാവുന്ന അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടക്കുന്നുണ്ട്. കരാറുകാർക്ക് ന്യായമായ റേറ്റ് കിട്ടുന്നില്ല എന്നുള്ളതിന്റെ പ്രശ്നങ്ങളും പരാതികളും നിലനിൽക്കുന്നുണ്ട്. അതിനെ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u>: സർ, ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയിൽ കുറച്ചുകൂടി ക്ലാരിഫിക്കേഷൻ ആവശ്യമാണ്. വാട്ടർ അതോറിറ്റിയുടെ ഇ-ടെണ്ടർ നടപ്പിലാക്കുന്നതിന് കർണ്ണാടക സ്റ്റേറ്റ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹായം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. നാളിതുവരെ എത്ര തുക നൽകിയിട്ടുണ്ട്; നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കാൻ ഗവൺമെന്റ് പരിശ്രമിക്കുമോ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഈ വിഷയം സംബന്ധിച്ച് പ്രത്യേക നോട്ടീസില്ലാതെ ഉത്തരം നൽകാൻ സാധിക്കുകയില്ല.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, റബ്ബറൈസ്ഡ് റോഡുകളിലെ പൈപ്പ് ലൈനുകളിൽ കംപ്ലയിന്റ് ഉണ്ടാകുമ്പോൾ വീണ്ടും കുത്തിപ്പൊട്ടിക്കുന്നതിനുപകരം, ഡ്രെയിനേജും മറ്റൊമൊക്കെ നിർമ്മിക്കുമ്പോൾത്തന്നെ, ഈ പൈപ്പ് ലൈൻ ഇടുന്നതിന് കണക്കാക്കി ഒരു ഡക്റ്റ് നിർമ്മിക്കുകയാണെങ്കിൽ റോഡുകളിലെ കുത്തിപ്പൊളിക്കൽ

ഒഴിവാക്കാൻ സാധിക്കും. എന്റെ മണ്ഡലമായ തിരൂരിൽ അത്തരത്തിൽ ചെയ്തപ്പോൾ അത് വിജയകരമായി കണ്ടു. അങ്ങനെ ചെയ്യുന്നതുകൊണ്ട് സാമ്പത്തിക ലാഭവുമുണ്ടാകും. അത് പരിശോധിക്കാനുള്ള നടപടി സ്വീകരിക്കുമോ; 10 വർഷം മുമ്പ് ആരംഭിച്ച തിരുനാവായ കുടിവെള്ള പദ്ധതിയുടെ എല്ലാ വർക്കും ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞു. അത് പെട്ടെന്ന് കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഡക്റ്റ് ഇടുക എന്നുള്ളത് തീർച്ചയായും നല്ലൊരു പരിഹാരമാണ്. അതിന്റെ ചെലവാണ് പ്രധാനപ്പെട്ട കാര്യം. ഈ നിലയിൽ, പ്രസ്തുത പരിഷ്കാരം കൊണ്ടുവരുന്നതിന് പ്രത്യേകം പിരശ്രമിക്കുന്നതാണ്. തിരുനാവായ കുടിവെള്ള പദ്ധതി ഏറ്റവും വേഗം പൂർത്തീകരിക്കുന്നതാണ്.

ശ്രീമതി ജമീലാ പ്രകാശം: സർ, വാട്ടർ അതോറിറ്റിയുടെ നെയ്യാറ്റിൻകര ഡിവിഷനിൽ റണ്ണിംഗ് കോൺട്രാക്ട് കൊടുക്കുന്നതിനൊപ്പമാണ് ഇപ്പോൾ വാൽവ് കൺട്രോളിംഗ് ഫങ്ഷൻ കൂടി കൊടുത്തിട്ടുള്ളത്. റണ്ണിംഗ് കോൺട്രാക്ട് എറ്റെടുക്കുന്ന

കോൺട്രാക്ടറാണ് വാൽവ് കൺട്രോളിംഗിനുള്ള ആളിനെയും നിയോഗിക്കുന്നത്. ഇതുകാരണം വാൽവ് കൺട്രോളിംഗ് ഫങ്ഷനിൽ കേരള വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥർക്ക് നേരിട്ട് യാതൊരു നിയന്ത്രണവും നിർദ്ദേശവും നൽകാൻ കഴിയുന്നില്ല. ഈ അവസരം ദുരുപയോഗപ്പെടുത്തികൊണ്ട് റണ്ണിംഗ് കോൺട്രാക്ട് എറ്റെടുക്കുന്ന കോൺട്രാക്ടർ വാൽവ് കൺട്രോൾ ചെയ്യുന്നതിനായി നിയോഗിക്കുന്ന ആളുകൾ അവരവരുടെ സൗകര്യത്തിനനുസരിച്ചും സ്വാർത്ഥലാഭത്തിനുവേണ്ടിയും പലപ്പോഴും വാൽവ് കൺട്രോൾ ഫങ്ഷൻ കൊണ്ടുനടക്കുകയാണ്. അവിടെ ശുദ്ധജലം വളരെ ദുർലഭമാണെങ്കിലും ഇക്കാരണത്താൽ ശുദ്ധജലം കാര്യക്ഷമായി വിതരണം ചെയ്യാൻ കഴിയുന്നില്ല. അതുകൊണ്ട് വാൽവ് കൺട്രോളിംഗ് ഫങ്ഷന്റെ കാര്യത്തിൽ റണ്ണിംഗ് കോൺട്രാക്ട് കൊടുക്കുന്നതിൽനിന്നും വേർപ്പെടുത്തി പ്രത്യേകമായി, വാട്ടർ അതോറിറ്റിയുടെ നേരിട്ടുള്ള നിയന്ത്രണത്തിനുകീഴിൽ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഇതൊരു പ്രത്യേക പ്രശ്നമാണ്

ഉന്നയിച്ചിരിക്കുന്നത്. ആ മേഖലയിലെ വാൽവ് കൺട്രോളിംഗ് ചെയ്യുന്നത് വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, വാട്ടർ അതോറിറ്റിയിൽ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതിൽ ഏറ്റവും പ്രധനാപ്പെട്ട പ്രശ്നമായി നിലനിൽക്കുന്നത്, മെയിന്റനൻസ് റേറ്റിന്റെ കാര്യത്തിലുള്ള കുറവാണ്. ന്യായമായ റേറ്റില്ലാത്തതുകൊണ്ട് ആരും തന്നെ വർക്ക് ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. വർക്ക് ഏറ്റെടുത്ത് ചെയ്തവർക്കുപോലും ഇതിന്റെ കുടിശ്ശിക കൊടുത്ത് തീർക്കുക എന്നുള്ള പ്രധാനപ്പെട്ട വിഷയം പരിഹരിക്കേണ്ടതായിട്ടുണ്ട്. അതുപോലെ മെയിന്റനൻസ് വർക്ക് ഏറ്റെടുക്കാൻ പറ്റുന്ന വിധത്തിലുള്ള മാർക്കറ്റ് റേറ്റ് കൊടുക്കുക എന്നുള്ളത് ന്യായമായൊരു കാര്യമാണ്. അതിനാൽ ആ റേറ്റ് പുതുക്കി ക്രമീകരിച്ച്, ഈ കാലഘട്ടത്തിലെ ആളുകൾക്ക് വർക്ക് ഏറ്റെടുക്കാൻ സാധിക്കുന്ന വിധത്തിൽ ന്യായമായ മാർക്കറ്റ് റേറ്റ്

കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, മെയിന്റനൻസ് റേറ്റ് വളരെ കുറവാണെന്നുള്ള പരാതി നിലനിൽക്കുന്നുണ്ട്. മാർക്കറ്റ് റേറ്റ് അനുസരിച്ച് ഷെഡ്യൂൾ റിവൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് മൊത്തത്തിൽ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. അതുകൊണ്ട് വാട്ടർ അതോറിറ്റിയുടെ ഷെഡ്യൂൾ റേറ്റിനെ ഡൽഹി ഷെഡ്യൂൾ റേറ്റുമായി ബന്ധപ്പെടുത്തികൊണ്ട് പുതുക്കുന്നതാണ്. മെയിന്റനൻസിനുള്ള പുതിയ റേറ്റ് മാർക്കറ്റ് റേറ്റിന്റെ അടിസ്ഥാനത്തിൽ ഏറ്റവും വേഗത്തിൽ പ്രഖ്യാപിക്കുന്നതാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ......പദ്ധതിയുടെ പൈപ്പ് ലൈൻ കാലാവധികഴിഞ്ഞ, പൊട്ടിപൊളിഞ്ഞ പൈപ്പുകളാണ് കിടക്കുന്നത്. ആ പൈപ്പുകൾ പൊട്ടുന്നതുസംബന്ധിച്ച് ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് നിവേദനം കൊടുക്കുകയും ഈ വിഷയം ഇവിടെ ഉന്നയിക്കുകയും ചെയ്തിരുന്നു. റോഡുകളിൽ രൂപപ്പെടുന്ന കുഴികൾ അങ്ങനെത്തന്നെ കിടക്കുകയാണ്. പൊതുമരാമത്ത് വകുപ്പ് ഇക്കാര്യത്തിൽ ഉത്തരവാദിത്വം

ഏറ്റെടുക്കുന്നില്ല. വാട്ടർ അതോറിറ്റിയുടെ എഞ്ചിനീയർമാരോട് ചോദിക്കുമ്പോൾ അവർക്ക് പണം കിട്ടുന്നില്ല എന്നാണ് പറയുന്നത്. ആ കുഴിയിൽ വീണ് രണ്ട് പേർ മരിച്ചു, ഏഴുപേർക്ക് പരിക്കുപറ്റി. ആ കുഴിയിൽ വീണ പലരും റിപ്പോർട്ട് പോലും ചെയ്യാതെ എഴുന്നേറ്റ് പോകുകയാണ് ചെയ്യുന്നത്. ഇത് വളരെ ഗുരുതരമായ സ്ഥിതിയാണ്. പ്രസ്തുത പൈപ്പ് ലൈൻ മാറ്റാൻ തീരുമാനിച്ചുവെന്നും അതിലേയ്ക്കായി 3 കോടി 16 ലക്ഷം രൂപ മാറ്റിവച്ചിരിക്കുന്നുവെന്നുമാണ് അറിയാൻ സാധിച്ചത്. പക്ഷേ അതിന്റെ ടെണ്ടർ നടപടികൾ നടക്കുന്നില്ല. അതുകൊണ്ട് അടിയന്തരമായി ഇത്തരത്തിലുണ്ടാകുന്ന കുഴികൾ സമയാസമയങ്ങളിൽ നികത്തുന്നതിനും ടാർ ചെയ്യുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ; കേരളത്തിലുടനീളം ഈ പ്രശ്നം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് അടിയന്തരമായി ഇക്കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനമെടുക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ശ്രീ. ബാബു എം. പാലിശ്ശേരി ഈ വിഷയം ഉന്നയിച്ചപ്പോൾ തന്നെ ഞാൻ പറഞ്ഞിരുന്നു, 'Replacement of Old Pipelines' എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തി ഈ പ്രത്യേക സ്ഥലത്തെ

പൈപ്പ് ലൈനുകൾ മാറ്റുന്നതിന് ഈ വർഷം തന്നെ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, കുടിവെള്ളം നമുക്ക് ഒരു അവശ്യവസ്തുവാണ്. എന്നാൽ, വെള്ളം നമുക്ക് വളരെ സമൃദ്ധവുമാണ്. പക്ഷേ, പഴയതുപോലെ ശുദ്ധമായ കുടിവെള്ളം ലഭ്യമല്ല എന്നുള്ളതാണ് നമ്മൾ നേരിടുന്ന ഏറ്റവും വലിയൊരു പ്രശ്നം. നമ്മുടെ സംസ്ഥാനത്ത് കിണറുവെള്ളമാണ് എല്ലാവരും ഉപയോഗിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ അതും ലഭ്യമല്ലാത്തൊരു അവസ്ഥ വന്നിരിക്കുന്നു. കുടിവെള്ളപ്രശ്നത്തിന് പരിഹാമുണ്ടാക്കുന്ന തരത്തിൽ കാര്യങ്ങൾ പോകുന്നില്ല. താൽക്കാലികമായ ചില പരിഹാരങ്ങൾ മാത്രമാണ് ഇപ്പോൾ വാട്ടർ അതോറിറ്റി നടത്തികൊണ്ടിരിക്കുന്നത്. അതിനൊരു പ്രധാന്യം കൊടുത്തുകൊണ്ട് ഈ വകുപ്പിന് ബഡ്ജറ്ററി സപ്പോർട്ട് ലഭ്യമാകുന്നില്ല എന്നുള്ളതാണ് എന്റെ പരാതി. കുടിവെള്ളത്തിന്റെ പ്രാധാന്യം മനസ്സിലാക്കികൊണ്ട് ഒരു പഠനം നടത്തി, ബഡ്ജറ്ററി സപ്പോർട്ട് കൊടുത്തുകൊണ്ട് കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് സമഗ്രമായൊരു

പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി സംബന്ധിച്ച് ഓരോ പഞ്ചായത്തിലും പ്രത്യേകം സർവ്വേ നടത്തി, റിപ്പോർട്ടും തയ്യാറാക്കി. 1215 കോടിരൂപയുടെ ഒട്ടേറെ പദ്ധതികൾ ഇപ്പോൾ നടപ്പാക്കികൊണ്ടിരിക്കുകയാണ്. ഏതാണ്ട് 256- ഓളം പദ്ധതികളുടെ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. കിണറുകൾ സംരക്ഷിക്കുക എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. കുറേ സ്ഥലങ്ങളിൽ നമുക്ക് കിണറുകളിലെ വെള്ളം ആശ്രയിക്കേണ്ടതായിട്ടുണ്ട്. കിണറുകളുടെ വക്ക് കെട്ടി സൂക്ഷിക്കുകയും റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് വഴി കിണറുകളിലെ വെള്ളം വറ്റാതിരിക്കാനുള്ള കുറേ നടപടികളും സ്വീകരിക്കുന്നുണ്ട്. ജനങ്ങളുടെ സഹകരണത്തോടുകൂടി മാത്രമേ അതിനെ വിജയിപ്പിക്കാൻ കഴിയുകയുള്ളൂ. ഈ നിലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിക്കുന്നുണ്ട്. അത് ഘട്ടംഘട്ടമായി നടപ്പാക്കുന്നതാണ്.

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, എന്റെ മണ്ഡലമായ നാട്ടികയിൽ, തൃശ്ശൂർ

ജില്ലയ്ക്കുതന്നെ ഭീഷണി നേരിടുന്ന, നെൽകർഷകർക്ക് ഏറ്റവും ഭീഷണിയായിട്ടുള്ളതാണ് കരിവന്നൂർ പുഴയിൽനിന്ന് വേലിയേറ്റസമയത്തുവരുന്ന ഉപ്പുവെള്ളം. ഈ പുഴയിൽനിന്നും വരുന്ന ഉപ്പുവെള്ളം തടയുന്നതിനായി താൽക്കാലിക ബണ്ടുകളാണ് അവിടെ സ്ഥാപിച്ചിരിക്കുന്നത്. ഇതൊരു സ്ഥിരം റഗുലേറ്ററായി നിർമ്മിക്കുന്നതിനായി സിംഗിൾ ലൈനോടുകൂടിയുള്ള ഒരു ഡിസൈൻ ഐ.ഡി.ആർ.ബി. ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. നെൽകർഷകർക്ക് ഭീഷണി നേരിടുന്ന ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള ഈ പദ്ധതി ഏറ്റവുംവേഗം നടപ്പാക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)